
# കപട വിശ്വാസികളുടെ യഥാർത്ഥ മുഖം

## THE REAL FACE OF THE HYPOCRITES

## الوجه الحقيقي المنافقين




**BY**

**HAZRAT AMIRUL MUMINEEN, MUHYIUDDIN, MUSLIH MAUOODU**
**AL-KHALEEFATHULLAH, MUNIR AHMAD AZIM**

***ഹസ്രത്ത് അമീറുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ, മുസ്ലിഹ് മൗഊദ്***
***അൽഖലീഫത്തുല്ല, മുനീർ അഹ്മദ് അസീം.***

# THE REAL FACE OF THE HYPOCRITES

# കപട വിശ്വാസികളുടെ യഥാർത്ഥ മുഖം

**HAZRAT AMIRUL MUMINEEN, MUHYIUDDIN, MUSLIH MAUOODU**
**AL-KHALEEFATHULLAH, MUNIR AHMAD AZIM**

ഹസ്രത്ത് അമീറുൽ മുഅ്മിനീൻ, മുഹ്യിദ്ദീൻ, മുസ്ലീഹ് മൗഊദ്
അൽഖലീഫത്തുല്ല, മുനീർ അഹ്മദ് അസീം.

**പരിഭാഷകൻ** **ആർ. ജമാലുദ്ദീൻ റാവുത്തർ**
**അമീർ**
**ജമാ അത്തുസ്സഹീഹിൽ ഇസ്ലാം**
**കേരള**

**Translated by:** R. Jamaluddin Raother
Amir, Jamaat Ul Sahih Al Islam Kerala
(Reg. No. A.693/2010)
Tel: 9447001832/ 0475 2252530
Email: jamal.raother@gmail.com

# പരിഭാഷക കുറിപ്പ്

## TRANSLATOR’S NOTE

(ഹിജ്റ) 15–ാം നൂറ്റാണ്ടിലെ മുജദ്ദിദ് മുനീർ അഹ്മദ് അസീം അവർകൾ രചിച്ച 'The Real Face of The Hypocrites' (കപടവിശ്വാസികളുടെ യഥാർത്ഥ മുഖം) എന്ന കൃതിയുടെ മലയാള പരിഭാഷയാണ് നിങ്ങളുടെ കൈകളിൽ ഇരിക്കുന്നത്. അമീറുൽ മുഅ്മിനീൻ , ഖലീഫത്തുല്ലാഹ്, മസീഹുല്ലാഹ്, മുഹ്‌യിദ്ദീൻ, മുജദ്ദിദ്, മസീഹ് മൗഊദ്, അല്ലാഹുവിന്റെ ദൂതൻ എന്നീ ഗുണ നാമങ്ങൾ അല്ലാഹു (ത) അദ്ദേഹത്തിനു നൽകിയിരിക്കുന്നു എന്നവകാശപ്പെടുന്ന വാദിയുടെ ഈ ലഘു കൃതി കപടവിശ്വാസികളുടെ യഥാർത്ഥ മുഖത്തെ ചിത്രീകരിക്കുന്നു. ദൈവ വിശ്വാസികൾക്ക് ആത്മ പരിശോധന നടത്തുവാനും മറ്റിതരർക്ക്, മാനവ പ്രവർത്തന സ്വഭാവ നിർണ്ണയ പഠനത്തിനും സഹായകരമാണ്.

ജമാഅത്തു സ്സഹീഹിൽ ഇസ്ലാം കൈരളിക്ക് സമർപ്പിക്കുന്ന രണ്ടാമത്തെ മലയാള പരിഭാഷ ആണ്. സാക്ഷര കേരളമെ നിന്റെ വൈജ്ഞാനിക സാഗരത്തിൽ ഇതു കൂടി സ്വീകരിച്ചാലും

പരിഭാഷകൻ

## THE REAL FACE OF THE HYPOCRITES

## കപട വിശ്വാസികളുടെ യഥാർത്ഥ മുഖം

പൊതുജനങ്ങളുടെ മുമ്പിൽ വളരെ ഭക്തിപൂർവ്വം ഈശ്വരാരാധന നടത്തുന്നതായി അഭിനയിക്കുന്ന ചിലർ മനുഷ്യരുലുണ്ട്. എന്നാൽ അവൻ ഏകനായി നിൽക്കുമ്പോൾ അവന്റെ മുഖം മൂടി അഴിഞ്ഞു വീഴുകയും അവന്റെ യഥാർത്ഥ മുഖം പ്രകടമാക്കുകയും ചെയ്യുന്നു. എന്നിരുന്നാലും അവൻ ഈ ദൈവീകാജ്ഞ പൂർത്തിയാക്കുവാനും അതിനു വേണ്ടി അവനെ സ്വയം സമർപ്പിച്ചിരിക്കുകയാണെന്നുമാണ്, അവന്റെ വാദം.

ഇത്തരത്തിലുള്ള ആളുകളുടെ ഒരു പൂർണ്ണ ചിത്രം വിശുദ്ധ ഖുർ ആൻ പ്രദാനം ചെയ്യുന്നുണ്ട്. വിശുദ്ധ ഖുർ ആനിൽ സൂറത്തുന്നിസാഅ്ൽ 143-ാം വചനം ഇപ്രകാരം പറയുന്നു. തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നു. അല്ലാഹു അവരുടെ വഞ്ചനക്കുള്ള ശിക്ഷ നൽകുന്നതാണ്. നമസ്കാരത്തിനു നിൽക്കുമ്പോൾ അലസരായിട്ടാണ് അവർ നിൽക്കുന്നത്. അവർ ജനങ്ങളെ കാണിക്കുന്നു; അൽപമായിട്ടല്ലാതെ അവർ അല്ലാഹുവിനെ സ്മരിക്കുന്നില്ല.''

കപടവിശ്വാസികൾ ഒരിക്കലും അവരുടെ ഭൗതികസുഖാഡംബരങ്ങൾ ത്യജിക്കുകയില്ല. ഒരു വിശ്വാസി ദൈവീക പ്രകാശത്തെ പെട്ടെന്ന് തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ കപട വിശ്വാസി അടയാളം തേടി അലയുന്നു.

വിശുദ്ധ ഖുർ ആനിൽ പറഞ്ഞതുപോലെ '' നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ യഥാർത്ഥ ചിത്രം നാം കാണിക്കുമായിരുന്നു.എന്നാൽ അവരുടെ മൂർച്ചയുള്ള വാക്കുകൾകൊണ്ട് നിങ്ങൾക്കവരെ തിരിച്ചറിയാൻ കഴിയും. നിശ്ചയമായും അല്ലാഹു അവരുടെ പ്രവർത്തനങ്ങളുടെ മേൽ ഒരു മറ ഇട്ടിരിക്കുകയാണ്.''

കപട വിശ്വാസികളുടെ സംസാരരീതിയിൽ നിന്നു തന്നെ അവരെ പെട്ടെന്ന് തിരിച്ചറിയാൻ വിശ്വാസികൾക്ക് കഴിയുന്നതാണ്. അവരുടെ വഞ്ചന അവരുടെ മുഖങ്ങൾ തന്നെ പ്രദർശിപ്പിക്കുന്നതാണ്. ഹേ കപടവിശ്വാസി ബുദ്ധിശക്തിയും അറിവുംകൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്ന വിശ്വാസിയെ അനുകരിക്കാൻ ശ്രമിക്കുന്നത് നിന്റെ സ്വഭാവവും പ്രവർത്തിയുംകൊണ്ട് തന്നെ തിരിച്ചറിയുന്നതാണ്. നിന്റെ നിഷ്ഫലമായ പ്രവർത്തനങ്ങൾകൊണ്ട് ലോകത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു പ്രവർത്തി പഥത്തിൽകൊണ്ട് വരുവാൻ നിനക്കു സാധിക്കുകയില്ല. നിങ്ങളെ പറ്റി വിശുദ്ധ ഗ്രന്ഥം ഉത്ഘോഷിക്കുന്നത് ശ്രദ്ധിക്കു.

''അങ്ങനെ നാം അവരുടെ ഫലശൂന്യമായ പ്രവർത്തിയെ അവരുടെ മുമ്പാകെ തന്നെ സമർപ്പിച്ചു.''

അല്ലാഹു (ത) വിന്റെ മുമ്പിൽ നിങ്ങളുടെ കാപട്യത്തിൽ കലർന്ന പ്രവർത്തനങ്ങൾക്ക് യാതൊരു വിലയുമില്ല. നിങ്ങൾ നിങ്ങളുടെ കള്ളവാദങ്ങളിലും നിങ്ങൾ ഭയപ്പെടുന്ന ആളുകൾക്ക് നിങ്ങൾ നൽകിയ ഫലരഹിത വാഗ്ദാനങ്ങളെ പറ്റിയും പശ്ചാതപിക്കുക. നിങ്ങളുടെ രക്ഷിതാവിനോട് മാപ്പ് അപേക്ഷിക്കുന്നതിൽ ധൃതികാണിക്കുക. തിന്നുകയും കുടിക്കുകയും ചെയ്യുന്നതിൽ കൃത്യത പുലർത്തുക. വസ്ത്രധാരണത്തിൽ നിങ്ങൾ അന്തസ്സുകാട്ടുക. നിങ്ങളുടെ ഭാര്യമാരിലും ധനത്തിലും മാന്യത പുലർത്തുക.

സുഖാനുഭവ വർജ്ജനം ശീലിക്കുക, ജീവിതത്തിൽ ലാളിത്യം കൈകൊള്ളുക. ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ നോക്കികാണുക. നല്ല സ്വഭാവത്തിനുവേണ്ടി സ്വയം ചികിത്സിക്കുക. വളരെ അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ നിങ്ങളുടെ പ്രവർത്തനങ്ങളേയും ചിന്തകളേയും ഉത്തരവാദിത്വങ്ങളേയും പരിമിതപ്പെടുത്തുക. പരമോന്നതനും സത്യവാനുമായ അല്ലാഹുവിന്റെ തൃപ്തിക്കായി നിങ്ങൾ സ്വയം അവനിലേക്ക് തിരിയുക. നിങ്ങൾ ഏറ്റെടുക്കേണ്ട എല്ലാ പ്രവർത്തിയിലും ദൈവത്തിന്റെ തൃപ്തിക്കായി അവന്റെ മാത്രം കാലടി പാതകളെ പിൻതുടരുക. ഭയവും പ്രതീക്ഷയും അവനിൽ മാത്രം അർപ്പിക്കുക.

ബുദ്ധിമാന്റെ ഹൃദയം, അതായത് ജ്ഞാനിയും പ്രവാചകനുമായവന്റെ ഹൃദയം, സദാ ജാഗ്ര തയിലായിരിക്കും. അത്തരത്തിലുള്ളവൻ ഉഷ്ണകാലവും ശൈത്യകാലവും തമ്മിൽ വ്യത്യാസമൊന്നുമില്ല. അവന് ശീതോഷ്ണങ്ങൾ അനുഭവപ്പെടുന്നില്ല. ഒരു സ്ഥലത്തു മുരടന്മാരായ ആളുകൾ ഉണ്ടായാൽ നിശ്ചയമായും അവിടെ മുന്നറിയിപ്പുകാരനും ബുദ്ധിമാനുമായവൻ ഉണ്ടായേ തീരൂ. ചിന്തകളുടെ യഥാർത്ഥ പൊരുൾ ബുദ്ധിമാന്മാർ മാത്രമേ ഗ്രഹിക്കുകയുള്ളൂ.

ഹേ! കപടവിശ്വാസികളെ ! നിങ്ങൾ ബുദ്ധിമാന്മാരോടൊപ്പം വന്നുചേരുക. നിങ്ങളുടെ ചതിയും കളവും ഉപേക്ഷിക്കുക. നിങ്ങൾക്കതുകൊണ്ട് വലിയ കേടൊന്നുമില്ല. ദൈവത്തെ ഭയപ്പെടുന്നതു കൊണ്ട് നിങ്ങൾ അഭിനയിക്കുകയാണ്. യഥാർത്ഥത്തിൽ നിങ്ങൾ ജനങ്ങളെയാണ് ഭയപ്പെടുന്നത്. അല്ലാഹുവിലാണ് നിങ്ങളുടെ പ്രതീക്ഷ എന്നു നിങ്ങൾ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ നിങ്ങളുടെ പ്രതീക്ഷകൾ പടുത്തുയർത്തുന്നത് ജനങ്ങളുടെ അടിസ്ഥാനത്തിലാണ്. അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് ഇഹലോക ജീവിതത്തിൽ വിഷമമോ കഷ്ടതയോ ഇല്ല ; മരണാനന്തര ജീവിതത്തിൽ അവർക്കു ശിക്ഷയുമില്ല. നമ്മുടേയും മറ്റെല്ലാ ജീവികളുടേയും പ്രവർത്തനങ്ങളിൽ ആരുടെ കരങ്ങളാണോ ഉള്ളത് ആ നീതിമാനെ മാത്രമേ അവർ ഭയപ്പെടുകയുള്ളൂ.

ദുർബലരായവരെല്ലാം, അതായത് വിശ്വാസ മാന്യം സംഭവിച്ചവരെല്ലാം മതപരിഷ് കർത്താവിന്റടുത്തു അല്ലെങ്കിൻ മതത്തെ ജീവിപ്പിക്കുന്നവന്റടുത്തു കൂട്ടത്തോടെ തള്ളി കയറുന്നു. അങ്ങനെ അവർ മതത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നു. മതത്തിൽ ചവിട്ടിതാഴ്ത്തി നശിപ്പിച്ച കാര്യങ്ങളെ വീണ്ടും യഥാസ്ഥാനത്തു ചേർത്തു മതത്തെ സജീവമാക്കി നിലനിർത്തുന്നു. ദൈവം തന്റെ ദാസന്മാരുടെമേൽ നന്മവരുത്തുവാൻ ആഗ്രഹിക്കുമ്പോൾ അവൻ അവരുടെ തങ്ങളെന്ന ഭാവം അവരിൽ നിന്നു നീക്കം ചെയ്യുന്നു. അങ്ങനെ തങ്ങളുടെ ദൈവം തങ്ങളിൽ നടത്തിയ പരീക്ഷണങ്ങളെ പ്രയാസങ്ങളെ അതിജീവിക്കുമ്പോൾ അവൻ (ദൈവം) അവർക്കു (ദാസർക്കു) മഹത്തായ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അവനിലെ ആത്മീയ ജീവിതം ഔന്നത്യം പ്രാപിക്കുന്നു. അവന്റെ തോന്നൽ ഇല്ലായ്മ ചെയ്യുകയും യഥാർത്ഥ അസ്ഥിത്വം പകരം നൽകുകയും ചെയ്യുന്നു.

അല്ലയോ കുട്ടികളെ ! നല്ലവരും ബുദ്ധിമാന്മാരുമായവരുടെ വൃത്തത്തിൽ ചേരുക. അവരിൽ നിന്നു ഉപദേശം സ്വീകരിക്കുക. ഈ ലോകജീവിതത്തിലും ഏറ്റവും വലിയ നേട്ടങ്ങൾ കരസ്ഥമാക്കുവാനുള്ള ഏക വഴി അതു മാത്രമാണ്. നിങ്ങൾ ആരെയും കാത്തുനിൽക്കരുത്. വിലപ്പെട്ട സമയം പാഴാക്കരുത്. അല്ലാഹുവിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും ഒരു പ്രയോജനവും ലഭ്യമല്ല. മനുഷ്യന്റെ കയ്യിൽ നിന്നും ഒന്നും നേടാനോ നഷ്ടപെടാനോ ഇല്ല.

എല്ലാ ശക്തിയും ചോർന്നുപോയ ദുഃഖിതനായ മനുഷ്യൻ ക്ഷമയോടെ കാത്തിരിക്കുക. നിങ്ങളുടെ പ്രയാസങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും കരകയറാൻ നിശ്ചയമായും വഴിയുണ്ടാകും. നിങ്ങളുടെ ജീവിതത്തിന്റെ മധുരിമ വീണ്ടും നുകരുവാൻ നിങ്ങൾക്കവസരമുണ്ടാകും. ഓരോ പ്രയാസത്തിനും നിശ്ചയമായും പരിഹാരമുണ്ടാവും. ഈ ലോക ജീവിതത്തിലും മരണാന്തരജീവിതത്തിലും നിങ്ങളാഗ്രഹിക്കുന്ന എല്ലാ നേട്ടങ്ങളു കുടികൊള്ളുന്നത് അല്ലാഹുവിന്റെ കൈകളിൽ മാത്രമാണ്. ശക്തിഹീനമായ മനുഷ്യ കരങ്ങൾക്ക് നിങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുകയില്ല.

വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. " അല്ലയോ ആദം സന്തതികളെ ! നിങ്ങൾ ഒരാളോട് അനീതി പ്രവർത്തിച്ചാൽ, ഓരോരുത്തരും നിങ്ങളോടു തിരിച്ചും അനീതി പ്രവർത്തിക്കുന്നതാണ്. അതിനു നിങ്ങൾ സാക്ഷിയായിരിക്കും." വിശ്വാസികളിൽ നിന്നു നിങ്ങൾ സ്വയം ദൂരപ്പെട്ടു കഴിയുമ്പോൾ, നിങ്ങൾക്ക് ദൈവീകാനുഗ്രഹങ്ങൾ നഷ്ടപെട്ടവനാകാതിരിക്കുവാൻ എങ്ങനെ കഴിയും ? കാരണം നിങ്ങൾ അനീതികൊണ്ടു വിശ്വാസികളെ കഷ്ടതയിലാക്കി.

മുഹമ്മദ് മുസ്തഫാ (സ.അ.) പറഞ്ഞു. കഅ്ബയെ പതിനഞ്ച് പ്രാവശ്യം നശിപ്പിക്കുന്നതിനേക്കാൾ ഗൗരവമുള്ള പാപമാണ് ഒരു വിശ്വാസിയോട് അനീതി പ്രവർത്തിക്കലും അവന്റെ മേൽ ആധിപത്യം ചെലുത്തുന്നതും

ഹേ! മാനവ സമൂഹമേ എന്റെ ഈ വാക്കുകൾ നന്നായി ശ്രവിക്കുക. നിങ്ങളുടെ പരിതാപകരമായ അവസ്ഥയെ കുറിച്ച് ചിന്തിക്കുക. നിങ്ങൾ സ്വയം വളരെ ഭയാനകമായ ഒരവസ്ഥയിൽ എത്തിപ്പെട്ടിരിക്കുകയാണ്. ദൈവീക കോപം ക്ഷണിച്ചുവരുത്തുന്ന അന്ധതയിൽ നിങ്ങൾ അകപ്പെട്ടിരിക്കുകയാണ്.

അല്ലയോ ക്രൂരന്മാരായ അവിശ്വാസികളെ കരുണാവാരിധിയും നീതിമാനുമായ ഒരുവനിൽ വിശ്വസിക്കുകയും തങ്ങളുടെ രക്ഷിതാവിൽ പൂർണ്ണവിശ്വാസം അർപ്പിക്കുകയും ചെയ്യുന്ന സാത്വികരായ ആളുകളുടെ നേരെ നിങ്ങൾ കാട്ടുന്ന ക്രൂരതയും അനീതിയും ഉപേക്ഷിക്കുന്നതിനെപറ്റി ചിന്തിക്കാതിരിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു?

നിങ്ങളുടെ കാര്യം വളരെ പരിതാപകരമാണ് നന്നായി ചിന്തിക്കൂ അൽപ്പസമയത്തിനകം ഈ ലോകത്തുനിന്നും നിങ്ങൾ വിടപറയും. നിങ്ങളുടെ താമസസ്ഥലത്തുനിന്നു നിങ്ങളെ പിഴുതു മാറ്റുന്നതാണ്. നിങ്ങളുടെ സമ്പാദ്യങ്ങളെല്ലാം അല്ലെങ്കിൽ നിങ്ങളുടേതെന്നു കരുതുന്നതെല്ലാം ഈ കള്ളൻ കൈക്കലാക്കുന്നതാണ്. ഇതാണ് സംഭവിക്കാൻപോകുന്ന സത്യം. നിങ്ങളെന്താണ് ഉദാസീനരായിരിക്കുന്നത് ? നിങ്ങളുടെ ഹൃദയം കടുത്തുപോയതെന്തേ ? നിങ്ങൾ മരണത്തെ കുറിച്ച് ചിന്തിക്കുക. എന്നാൽ നിങ്ങളുടെ ഹൃദയ കാഠിന്യം കുറയുന്നതാണ്. ക്രമേണ കാഠിന്യം നീക്കം ചെയ്യാൻ സാധിക്കുന്നതാണ്. നിത്യേന ശ്മശാനങ്ങൾ സന്ദർശിക്കുക. വിശുദ്ധ ഖുർ ആൻ പാരായണം ചെയ്യുക അല്ലാഹുവിന്റെ ഗുണഗണങ്ങളെകുറിച്ച് ചിന്തിക്കുക. മുഹമ്മദ് മുസ്തഫ (സ.അ.) പറഞ്ഞു "ഭൗതീക കാര്യങ്ങളും പാപങ്ങളും ഹൃദയത്തെ നശിപ്പിക്കുന്നു അത്തരം ഹൃദയങ്ങൾ ദൈവീക വെളിപാടുകൾക്കും ഗ്രഹണശേഷിക്കും ആപ്പുറത്തായിരിക്കും" ഹൃദയത്തെ നന്നാക്കാൻ ആഗ്രഹിക്കുന്നവർ അല്ലാഹുവിനെ സ്മരിക്കുന്നത് നിത്യശീലമാക്കേണ്ടതാണ്.

അല്ലയോ ജനങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹത്തിലേക്കു നയിക്കുന്ന എല്ലാ വഴികളും കണ്ടെത്തുക. ദൈവീകാനുഗ്രഹാവസ്ഥ നേടാൻ കഠിനാധ്വാനം ചെയ്യുക അതിനുള്ള തത്വങ്ങൾ കണ്ടെത്തുക. അത് കരസ്ഥമാക്കാൻ പരിശ്രമം തുടരട്ടെ. അല്ലാഹു കരുണാകരനാണ് അതുപോലെ അവൻ എല്ലാം പൊറുക്കുന്നവനുമാണ്. മാപ്പാക്കാൻ കഴിയുന്നവൻ അവൻ മാത്രമാണ്. അവൻ മാപ്പാക്കുന്നതുപോലെ മാപ്പാക്കുന്ന മറ്റാരെങ്കിലുമുണ്ടോ ? അവൻ നമ്മോടു അനുകമ്പകാണിക്കുന്നില്ലെങ്കിൽ നമ്മോടു അനുകമ്പ കാണിക്കുവാൻ മറ്റാരെങ്കിലുമുണ്ടോ ? അവൻ നമ്മോടു മാപ്പു ചെയ്യുവാനുള്ള ദയ കാണിക്കുന്നില്ലെങ്കിൽ നമ്മുടെ തെറ്റുകൾ ക്ഷമിക്കുവാനും മാപ്പാക്കുവാനും മറ്റാരാണുള്ളത്.

നമ്മുടെ കടങ്ങളും വീട്ടാൻ കഴിവുള്ളവനാണവൻ. എല്ലാ പ്രയാസങ്ങളും നീക്കം ചെയ്യാനും അവനെകൂടാതെ മറ്റാരാണിത് ചെയ്യാനുള്ളത്?നമ്മെ സഹായിക്കാൻ ആരുണ്ട്?നമ്മുടെ രക്ഷകനായി മറ്റാര് ? അവൻ കരുണാർദ്രനാണ്. കരുണാനിധിയാണ് മാപ്പുചെയ്യുന്നവനാണ്.

മുനീർ അഹമ്മദ് അസീം
ഹസ്രത്ത് അമീറുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ,
അൽഖലീഫത്തുല്ലാഹ്,

*17 September 2008.*

# THE REAL FACE OF THE HYPOCRITES
# കപട വിശ്വാസികളുടെ യഥാർത്ഥ മുഖം

## INTRODUCTION
## അവതാരിക

മുഹമ്മദ് നബി (സ.അ.) യുടെ കാലടി പാതകളെ പിന്തുടരുക എന്നതു ഒരു മുസ്ലീമിന്റെ ബാധ്യതയാണ്. എല്ലാ മുസ്ലീംകളും പ്രത്യേകിച്ച് അഹ്മദീമുസ്ലീംങ്ങൾ. മുഹമ്മദ് നബി (സ.അ.) യുടെ സുന്നത്തു മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഒരു യഥാർത്ഥ മുസ്ലീം ഒരിക്കലും കള്ളം പറയാൻ പാടില്ല. അഥവാ അവൻ ഒരിക്കലും ഒരു കപടവിശ്വാസി ആകാൻ പാടില്ലാത്തതാകുന്നു. ഈ രണ്ടു കുറവുകൾ പരിഹരിക്കുവാൻ ഓരോ മുസ്ലീമും തന്റെ ഹൃദയത്തിലും ആത്മാവിലും മുഹമ്മദ് നബിയോടുള്ള സ്നേഹം കുടിയിരുത്തേണ്ടതാണ്. വെറും വാക്കുകളിലൂടായിരുന്നാൽ പോരാ അല്ലാഹു (ത) വിനോടും അവന്റെ പ്രവാചക പ്രഭുവായ മുഹമ്മദ് നബിയോടുമുള്ള ഈ സ്നേഹ വായ്പ് എങ്ങനെ നമുക്കു പ്രകടിപ്പിക്കുവാൻ കഴിയും.? യജമാനനായ മുഹമ്മദ് നബി (സ.അ.) യുടെ അധ്യാപനങ്ങളെ എങ്ങനെ നമുക്കു പ്രവർത്തി പഥത്തിൽ എത്തിക്കുവാൻ കഴിയും. ? അതിനാൽ കപടത്വവും കളവും ഉപേക്ഷിക്കുക.

ഒരു സത്യവിശ്വാസി ഒരിക്കലും ഒരു കപടവിശ്വാസിക്കു ചെവികൊടുക്കരുത്. അല്ലാഹു ആണ് നിങ്ങളുടെ സംരക്ഷകൻ അവനെ മാത്രം അനുസരിക്കുക. നമ്മുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു (ത) പൂർണ്ണമായും അറിയുന്നവനാകുന്നു. ഹൃദയവും, ആത്മാവും ശുദ്ധീകരിക്കുന്ന തിനായി അല്ലാഹു (ത) അനേകം പരീക്ഷണങ്ങൾ നടത്തുന്നു. കപട വിശ്വാസികൾ അധികമായി സംസാരിക്കുവന്നവരാണ്, എന്നാൽ പ്രവർത്തി പഥത്തിൽ ഒന്നും കൊണ്ടു വരുന്നുമില്ല. അവർ എപ്പോഴും എന്തെങ്കിലും ഒഴിവുകഴിവു പറയുന്നു. അവർ അവരുടെ നാവുകൊണ്ടു മൊഴിയുന്നതു തന്റെ ഹൃദയങ്ങളിൽ നിഴലിക്കുന്നില്ല. അവരുടെ ഹൃദയങ്ങളിൽ മറച്ചുവച്ചിരിക്കുന്നതു അല്ലാഹു അറിയുന്നു എന്ന കാര്യം അവർ ശരിക്കും മനസ്സിലാക്കുന്നില്ല.

## THE LIES OR THE NATURE OF HYPOCRISY
## കള്ളങ്ങൾ അഥവാ കാപട്യത്തിന്റെ അവസ്ഥ

ഇസ്ലാം കള്ളത്തെ കുറ്റമായി ചിത്രീകരിക്കുന്നു. അഥവാ നിന്ദിക്കുന്നു മുഹമ്മദ് (സ.അ)പറഞ്ഞു "ഒരുവൻ തന്നെ ഈ നാലുവിഭാഗങ്ങളിലൊന്നിൽ കണ്ടാൽ അവനെ ഒരു കപട വിശ്വാസിയായി കണക്കാക്കാവുന്നതാണ്. അഥവാ അവനിൽ കപടവിശ്വാസിയുടെ ലക്ഷണമുണ് ടായിരിക്കുക യാണ്, അവൻ അതിൽ നിന്നും മോചനം നേടുന്നതുവരെ."

1. വിശ്വസിച്ചാൽ വഞ്ചിക്കുക.
2. സംസാരിച്ചാൽ കള്ളം പറയുക
3 ശപഥം ചെയ്താൽ ലംഘിക്കുക.
4. വാദിച്ചാൽ, മോശമായി പെരുമാറുക.

കള്ളത്തിനു പലരീതികളുണ്ടു. ഉദാഹരണത്തിനു, തട്ടിപ്പ്, നെറികേട്, സത്യസന്ധതയില്ലായ്മ, കൃത്രിമ പ്രവർത്തി, കൗശലം തുടങ്ങിയവ.

പിശാച് കള്ളം ഇഷ്ടപെടുന്നു. കള്ളന്റെ വായിൽ പിശാച് ദുർഗന്ധം സൃഷ്ടിക്കുന്നു. അഗ്നി വിറകിനെ വിഴുങ്ങുന്നതുപോലെ എല്ലാ നല്ല പ്രവർത്തനങ്ങളെയും കളവ് നശിപ്പിക്കുന്നു. കള്ളന്മാരിൽ നിന്നും മാലാഖമാർ വിദൂരത്താകുന്നു. കള്ളം പറയുന്നവനെ അല്ലാഹു മാർഗദർശനം നൽകുകയില്ല പകരം നാമെല്ലാവരും അവന്റെ മുൻപിൽ കണക്കുബോധിപ്പിക്കേണ്ടദിവസം അവനു അതികഠിനമായ ശിക്ഷ നൽകുന്നതാണ്. കളവ് പറയുന്നവന്റെ മൂക്കും കണ്ണുകളും താടിഎല്ലും എടുത്തു മാറ്റപെട്ടനിലയിലായിരിക്കും. ഏതവസ്ഥയിൽ പതിച്ചാലും ഒരു മുസ്ലീം സത്യം മാത്രമേ പറയാവൂ. സത്യം പറയുന്നവനെ അല്ലാഹു ഇഷ്ടപെടുന്നു.

ഒരു വിശ്വാസിയുടെ പെരുമാറ്റത്തിൽ കളവു മോശമായ പ്രതികരണം സൃഷ്ടിക്കുന്നു. ഒടുവിൽ അതവനെ നഷ്ടത്തിൽ കൊണ്ടെത്തിക്കുന്നു. അല്ലാഹുവിനെ ഭയപ്പെടാത്തതു നിമിത്തം (തഖ്വയുടെ കുറവ്) അവനെ അല്ലാഹുവിന്റെ നിയമങ്ങളെ അനുസരിക്കാത്തവനായി കണ്ടെത്തുന്നതാണ്.

അബ്ദുല്ലാഹ്ബ്നു മസ്ഊദ് (റ.അ) റിപ്പോർട്ട് ചെയ്ത ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു, "അല്ലാഹുവിന്റെ ദൂതൻ (സ.അ.) പറഞ്ഞു, "നിങ്ങൾ സത്യം  പറയുക, എന്തെന്നാൽ സത്യം നിങ്ങളെ സ്വർഗ്ഗത്തിലേക്ക് നയിക്കുന്നു. ഒരാളെ സത്യവാനായ വ്യക്തിയായി അല്ലാഹു (ത) അംഗീകരിക്കുന്നതുവരേയും അവൻ സത്യം മാത്രം സംസാരിക്കട്ടെ. കള്ളം പറയുന്നതിൽ നിന്നു നിങ്ങൾ വിട്ടുമാറുക. കാരണം അതു നിങ്ങളെ നാശഗർത്തത്തിലേക്കാണ് നയിക്കുന്നത്. കള്ളം പറയുന്നതു നിത്യശീലമാക്കുന്നവരെ അല്ലാഹു ഒരു പെരുങ്കള്ളനായി കണക്കാക്കുന്നതാണ്."

നല്ലകാര്യങ്ങൾ മാത്രം സംസാരിക്കുവാൻ മുസ്ലീങ്ങൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു. നിശ്ശബ്ദത സുരക്ഷിതത്വമാണ്. "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ സത്യം പറഞ്ഞു കൊള്ളട്ടെ, അല്ലെങ്കിൽ നിശ്ശബ്ദത പാലിച്ചു കൊള്ളട്ടെ കള്ളം പറയുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അവരെ അവൻ നേർമാർഗ്ഗത്തിൽ നയിക്കുകയുമില്ല. പകരം അവന്റെ ശിക്ഷ അവരുടെമേൽ ആപതിക്കുന്നു."

## DESCRIPTION OF A HYPOCRITE IN THE HOLY QURAN

## വിശുദ്ധ ഖുർ ആനിൽ കപട വിശ്വാസിയെ സംബന്ധിച്ചുള്ള വിവരണം

അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ ഒരധ്യായം പൂർണ്ണമായും കപടവിശ്വാസികളെ സംബന്ധിച്ച് അവതരിപ്പിച്ചിട്ടുണ്ട്. അല്ലാഹു താൻ സ്വയം തെരഞ്ഞെടുത്തയച്ച ദൂതൻ മുഹമ്മദ് നബി (സ.അ) യോട് കപടവിശ്വാസികൾ അനുവർത്തിച്ച രീതിയെ സംബന്ധിച്ചാണ് പ്രസ്തുത അധ്യായത്തിൽ അല്ലാഹു വിവരിക്കുന്നതു അല്ലാഹു (ത) പറയുന്നു. "ഈ കപട വിശ്വാസികൾ നിന്റെ അടുത്തു വരുമ്പോൾ അവർ പറയുന്നു " നിങ്ങൾ അല്ലാഹുവിന്റെ ദൂതനാണെന്നു ഞങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു." എന്നു അല്ലാഹു പറയുന്നു.  ഈ കപടവിശ്വാസികൾ പറയുന്നതു കള്ളമാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. ഈ കപടവിശ്വാസികൾ പ്രവാചകനോടൊപ്പമാണ് എന്ന് പ്രവാചകരെ വിശ്വസിപ്പിക്കുവാൻ അവരുടെ ഈ സാക്ഷ്യത്തെ ഒരു മാർഗ്ഗമായി സ്വീകരിക്കുന്നു എന്നു മാത്രം എന്നാൽ ജനങ്ങളെ സത്യപാതയിൽ നിന്നും വ്യതിചലിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളെ പറ്റി പദ്ധതികൾ തയ്യാറാക്കുകയാണവർ. എന്തുകൊണ്ടാണിവർ ഇപ്രകാരം പ്രവർത്തിക്കുന്നതു ? ആരംഭത്തിൽ അല്ലാഹുവിന്റെ സന്ദേശത്തെയും സന്ദേശവാഹകനേയും വിശ്വസിക്കുന്നതായി അവർ അഭിനയിക്കുന്നു, തുടർന്നു അവർ ഈ സത്യത്തെ നിഷേധിക്കുന്നു. ഈ രീതിയിൽ പെരുമാറുവാനുള്ള കാരണം അതാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ, ഇവരുടെ ഈ രീതിയിലുള്ള പെരുമാറ്റം വളരെ മോശമാണ്. അതിനാൽ അല്ലാഹുവിന്റെ ക്രോധം അവരിൽ ദൃശ്യമാക്കുകയും അവരുടെ ഹൃദയങ്ങളിൽ മറ ഇടുകയും ചെയ്യുന്നു. ഇപ്രകാരം അല്ലാഹു അതാവർത്തിക്കുമ്പോൾ അവർക്കു കാര്യങ്ങളൊന്നും ഗ്രഹിക്കുവാൻ കഴിയുകയില്ല.

## THE MARVELLOUS BEHAVIOUR OF THE HYPOCRITES
## കപട വിശ്വാസികളുടെ ആശ്ചര്യകരമായ പെരുമാറ്റം

കപടവിശ്വാസികൾ ജനങ്ങളെ അത്ഭുതപ്പെടുത്തുന്ന പ്രവർത്തികളാണ് എപ്പോഴും ചെയ്യുക. അവരുടെ പ്രവർത്തിയിലൂടെ അവർ ഒരാളെ വേഗത്തിൽ വിഢ്ഢിയാക്കുന്നു. എന്തുകൊണ്ട് ? കാരണം അവർ തെരഞ്ഞെടുക്കുന്ന വഴി അതാണ്. അവരുടെ മധുര വാക്കുകളും പ്രവർത്തിയും നിങ്ങളെ അത്ഭുതപ്പെടുത്തും. സത്യതയോടും താൽപര്യത്തോടുമാണ് അവർ പെരുമാറുന്നതെന്നു തോന്നും. അതെ അവർ കാര്യങ്ങൾ ചെയ്യുന്നതു തികച്ചും താൽപര്യത്തോടെയാണ്. അല്ലാഹു പറ പറയുന്നു അവർ മൂലയിൽ ചാരി വെച്ചിരിക്കുന്ന തടിക്കൂട്ടംപോലെയാണ്, അവർ എല്ലാവിധ അധി ക്ഷേപങ്ങളും നടത്തുകയും പെട്ടെന്നു കോപിഷ്ടരാവുകയും ചെയ്യുന്നു. അവരാണ് കപടവിശ്വാസി കൾ. അവരാണ് നിങ്ങളുടെ ശത്രുക്കൾ. അവരെ സംബന്ധിച്ചു നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. ഒരു സമയത്തും നിങ്ങളെ വിടില്ല നിങ്ങളുടെ മുമ്പിൽ സ്നേഹത്തോടെയും മധുരമായും പുഞ്ചിരി ക്കും, എന്നാൽ അവർ നിങ്ങളുടെ പിന്നിൽ നിന്ന് കുത്തികൊണ്ട് ചുട്ടെരിക്കുന്നവരാണ്.

അവർ നിങ്ങളെപറ്റി നുണകളും മോശവാക്കുകളും പറയുന്നു. എന്നാൽ അവരറിയാതെ അല്ലാഹു അവരെ പൂർണ്ണമായും നശിപ്പിക്കുന്നു.

## THE HYPOCRITES CAUSED A LOT OF TROUBLES TO THE HOLY PROPHET (PBUH)
## പ്രവാചക പ്രഭുവിനെ (സ.അ) കപടവിശ്വാസികൾ വളരെയധികം ബുദ്ധിമുട്ടിച്ചിട്ടുണ്ട്

കപടവിശ്വാസികൾ വഴിതെറ്റി പോയവരും മറ്റുള്ളവരെ അവരുടെ മാർഗ്ഗത്തിൽ കൊണ്ടു വരുവാൻ ശ്രമിക്കുന്നവരുമാണ്. ഈ കപടവിശ്വാസികൾ ആക്ഷേപങ്ങളും കള്ളകഥകളും മെനഞ്ഞെടുക്കുകയും പ്രവാചകനും അനുചരസംഘത്തിനും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. അവർ എല്ലാവിധ കുടിലതന്ത്രങ്ങളും ആസൂത്രണം ചെയ്യുകയും അല്ലാഹുവിന്റെ ദൂതൻ ഒറ്റയ്ക്കായി തീരണമെന്നു ആഗ്രഹിക്കുകയും, അദ്ദേഹത്തിന്റെ അനുയായികൾ പൂർവ്വിക മതത്തിലേയ്ക്കു മടങ്ങിപോകണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഈ അനുയായികൾ ധനം ചെലവുചെയ്യുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അവരുടെ കണ്ണുകളിൽ മറയിടപ്പെട്ടു, അവരുടെ ചെവികളും ഹൃദയങ്ങളും മുദ്രണം ചെയ്യപ്പെട്ടു. ആകാശങ്ങളുടേയും ഭൂമിയുടേയും അതിലുള്ള സർവ്വതിന്റേയും ഉടമസ്ഥൻ അവനാണ് എന്നതു മനസിലാക്കാത്ത അവസ്ഥയിലാണവർ.ദൗർഭാഗ്യവശാൽ ഈ കപടവിശ്വാസികൾ അല്ലാഹു ചെയ്യുന്നതു എന്താണെന്നു ഒരിക്കലും മനസിലാക്കാത്തവരാണ്.

ഹേ! കപടവിശ്വാസി നിങ്ങൾ തയ്യാറാക്കുന്ന കുടിലതന്ത്രങ്ങളും പദ്ധതികളുംകൊണ്ടു അല്ലാഹുവിന്റെ ശക്തിയെ അവന്റെ പ്രതാപത്തെ മങ്ങലേൽപ്പിക്കാമെന്നു നിങ്ങൾ ധരിക്കുന്നുണ്ടോ ? നിങ്ങൾ ഓർക്കുക ഓരുദിവസം സകല കണക്കുകളും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കേണ്ടിവരും, ബോധിപ്പിക്കേണ്ടിവരും. അപ്പോൾ അവൻ നിങ്ങൾ ചെയ്തുകൊണ്ടിരുന്നതെന്താണെന്നു നിങ്ങളെ ബോധ്യപ്പെടുത്തും. അതിനാൽ ജാഗ്രതയോടെ വർത്തിക്കുക. അവന്റെ ശിക്ഷ നിങ്ങളെ പിടികൂടാതിരിക്കാൻ.

## THE HYPOCRITES FEEL DISTURBED WITH THE ARRIVAL OF A MESSENGER OF GOD
## ദൈവദൂതന്റെ ആഗമനം കപടവിശ്വാസികൾക്ക് ഒരു ബുദ്ധിമുട്ടാണ്

അവർ പറയുന്നു അവനിൽ എന്താണ് അസാധാരണമായിട്ടുള്ളതു ? അവൻ എല്ലാവരേയും പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. അവന് ഞങ്ങളുടെ മേൽ മേന്മ കാണിക്കണം. ഞങ്ങൾ തിന്നു കയും കുടിക്കുകയും ചെയ്യുന്നതുപോലെ അവനും തിന്നുകയും കുടിക്കുകയും ചെയ്യുന്നു. അവൻ നമ്മളിൽ കുഴപ്പമുണ്ടാക്കാൻ വന്നിരിക്കുകയാണ്. നമ്മുടെ സുഖകരമായ ജീവിതത്തിനു വിഘാത മുണ്ടാക്കുവാൻ അവൻ പറയുന്നു. അവനൊരു സാധാരണ മനുഷ്യൻ മാത്രമാണ്. അല്ലാഹുവിന്റെ മേൽ അവൻ കള്ളം കെട്ടിചമയ്ക്കുകയാണ്. എന്നാൽ ഞങ്ങൾ അവൻ പറയുന്നതിൽ ഒരിക്കലും വിശ്വസിക്കുകയില്ല. അവൻ ഒരു ഭ്രാന്തനാണ്, കളവു പറയുന്നവനാണ്, ആഭിചാരകനാണ്. തുടങ്ങിയ പലതും.

## THEY TAKE MESSAGES OF ALLAH AS A JOKE
## അല്ലാഹുവിന്റെ സന്ദേശത്തെ അവർ ഒരു തമാശയായി കണക്കാക്കുന്നു

അല്ലാഹുവിൽ നിന്നു ലഭ്യമാകുന്ന ഏതൊരു വാർത്തയും, കപടവിശ്വാസികൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും അതിൽ നിന്നു അവർ പരിഹാസവാക്കുകൾ മെനഞ്ഞെടുക്കുകയും ചെയ്യുന്നു. ഈ കപടവിശ്വാസികൾ പരസ്പരം രഹസ്യമായി ചർച്ചചെയ്യുകയും ചെയ്യുന്നു. അവർ പറയുന്നു. "അവൻ നമ്മെപോലുള്ളവനല്ലേ ? മാജിക്കുകാരന്റെ മുമ്പിലുള്ളവർ മാജിക്കുകാരനെ അംഗീകരി ക്കുന്നതുപോലെ അവന്റെ മാജിക്കിനെ നമ്മൾ അംഗീകരിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു. അതുപോലെ അവർ പറയുന്നു. ഇല്ല. ഇതു സാധ്യമല്ല, അവൻ പറയുന്നു അവന് ദൈവീകവെളി പാട് ദൈവത്തിൽ നിന്നു ലഭിക്കുന്നുവെന്ന്, അതിനുള്ള എല്ലാ തെളിവുകളും അവൻ കൊണ്ടു വരുന്നു. അവനിൽ വിശ്വസിക്കുന്നതിനുവേണ്ടി കെട്ടിപിണയ്ക്കുന്നതും പൊരുത്തമില്ലാതതുമായ എല്ലാ സ്വപ്നങ്ങളേയും അവൻ ദൈവീകവെളിപാടുകളായി ചിത്രീകരിക്കുന്നു."

## TURNING THEIR BACKS TO THE MESSAGE OF ALLAH
## അല്ലാഹുവിന്റെ സന്ദേശത്തിനു നേരെ മുഖം തിരിക്കുന്നു

അല്ലാഹു പറയുന്നു. "എന്റെ സന്ദേശത്തെ പിന്തള്ളികളഞ്ഞവരാണവർ, നിശ്ചയമായും വളരെ ക്ലേശകരമായ ഒരു ജീവിതം അവർക്കു പ്രതിഫലമായി നൽകുന്നതാണ്. പുനരുദ്ധാന നാൾവരേ ക്കും അവർ അന്ധതയിലായിരിക്കും. തുടർന്നു അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു" "ഈ രീതിയിലായിരിക്കും അവർക്കു പ്രതിഫലം നൽകുക. സംശയമില്ല. വരാൻ പോകുന്ന ശിക്ഷ അതികഠിനവും വേദനാജനവുമായിരിക്കും."

## THE HYPOCRITES USE THEIR OATHS
## കപടവിശ്വാസികൾ തങ്ങളുടെ ശപഥങ്ങളെ ഉപയോഗിക്കുന്നു

കപടവിശ്വാസികൾ പരസ്പരം വിഡ്ഢികളാക്കുവാൻ അവർ തങ്ങളുടെ ശപഥങ്ങളെ ഉപയോഗി ക്കുന്നു. അവർ ഉറച്ചുനിൽകുകയാണ്. എന്നവർക്കു തോന്നുന്നുവെങ്കിലും അവരുടെ കാലുകൾ ഇട റുന്നതാണ്. ജനങ്ങളെ അല്ലാഹുവിലേക്കു നയിക്കുന്ന സത്യപാതയിൽ നിന്നും വ്യതിചലിപ്പിച്ചതിനാൽ അവർ വേദനാജനകമായ ശിക്ഷ രുചിച്ചു നോക്കേണ്ടിവരും. അതിനാൽ അല്ലാഹുമായി ചെയ്ത

ഉടമ്പടിയെ വെച്ചു വിലപേശരുത്. ജാഗ്രതയുള്ളവരാകുക. അല്ലാഹുവിന്റെ സൃഷ്ടികളുടെ മുമ്പിൽ മാന്യതലഭിക്കുവാനുള്ള ഈ കപട അഭ്യാസമുറ അവസാനിപ്പിക്കുക. അല്ലാഹുവിന്റെ അനുഗ്രഹ ങ്ങളെ അംഗീകരിക്കുന്നു. എന്നാൽ അവർ അതു സ്വീകരിക്കുവാൻ തയ്യാറാവുന്നില്ല. ഇതാണ് കപട വിശ്വാസിയുടെ തനിനിറം.

## HYPOCRITES VOICE OUT ON THE MIMBAR AND IN EVERY CORNER

## മിമ്പറിലും മറ്റെല്ലാ സ്ഥലങ്ങളിലും കപടവിശ്വാസികൾ ശബ്ദമലിനീകരണം സൃഷ്ടിക്കുന്നു

കപടവിശ്വാസികൾ പറയുന്നു. "ഇവർ (അല്ലാഹുവിനെ ഭയപ്പെടുന്നവർ) മരണപ്പെടുന്നതുവ രേയും വ്യതം അനുഷ്ടിക്കും, നമസ്കരിക്കും അവരുടെ നെറ്റിയും മൂക്കും തേഞ്ഞുതീരുവോളം അവർ സുജൂദ് ചെയ്യും. എന്നാൽ അല്ലാഹു അവരുടെ നമസ്കാരങ്ങളും പ്രാർത്ഥനകളും ഒരിക്ക ലും സ്വീകരിക്കുകയില്ല അവരെ നരകാഗ്നിയിൽ ചുട്ടെരിക്കുന്നതാണ്."

ഈ കപടവിശ്വാസികളുടെ വിശ്വാസം അവരാണ് ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവ് എന്നാണ്. അവരുടെ പെരുമാറ്റം കണ്ടാൽ അവരുടെ കയ്യിലാണ് നമ്മുടെ ആഹാരവും പാനീയവും, ബഹു മതിയും നിലകൊള്ളുന്നതെന്നുതോന്നും. എന്നുതന്നെയല്ല അവർ ഇങ്ങനേയും പറയുന്നു. "നിങ്ങളു ടെ കുട്ടി ഒരു തമിഴനുമായി ചങ്ങാത്തം കൂടിയാൽ അവൻ 'കാവടി' പിടിക്കേണ്ടതെങ്ങനെയെന്നു പഠിക്കും. എന്നാൽ നിങ്ങൾ എപ്പോൾ അവരെ കാണുന്നുവോ (അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാരെ ) അവരെ ഒറ്റയ്ക്കു വിട്ടേക്കുക"

ഒരു കപടവിശ്വാസി ഉപയോഗിക്കുന്ന യഥാർത്ഥ ഭാഷ ഇതാണ്. അവർ സ്വയം തന്നെ മോശമായ ഭാഷ ഉപയോഗിക്കുന്നവരാണ്. അവരുടെയിടയിലും അങ്ങനെതന്നെ. എന്നിട്ടും അവർ പറയുന്നു "അല്ലാഹുവിന്റെ ദൂതൻ വളരെ മോശമായി സംസാരിക്കുന്നവനാണ്. " എന്ന്.

ഈ കപടവിശ്വാസികളോടൊപ്പം സമയം നഷ്ടപ്പെടുത്തുന്നവനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വയം അർപ്പണം ചെയ്തിരിക്കുന്നു എന്നു കരുതുന്ന ഇവരുടെ സന്താ നങ്ങളുടെ അവസ്ഥ നോക്കുക. ഇവർ ഏതുപാതയിലാണ് ജനങ്ങളെ നയിക്കുന്നത് ? അവർ ജനങ്ങ ളെ അല്ലാഹുവിന്റെ പാതയിലാണോ നയിക്കുന്നതു ? അതൊ മറ്റേതെങ്കിലും വഴികളിലൂടെയാണോ?. 'കപടവിശ്വാസികൾ ' സത്യവിശ്വാസികളിൽ നിന്നു അകന്നു കഴിയണമെന്നവർ ആഗ്രഹിക്കുന്നു. വിശ്വസിക്കുന്നു. എന്നാൽ അല്ലാഹു സത്യവിശ്വാസികളെ ഈ കപട വിശ്വാസികളിൽ നിന്നു അകന്നു കഴിയണമെന്നാഗ്രഹിക്കുന്നു. (അതായത് ഈ കാലഘട്ടത്തിലെ മുല്ലാക്കളിൽ നിന്ന്) അല്ലാ ഹുവിന്റെ വിനീത സേവകന്റെ പ്രാർത്ഥനകളുടേയും കീർത്തനങ്ങളുടേയും സഹായത്തോടെ അല്ലാ ഹുവിൽ നിന്നും ലഭിക്കുന്ന വെളിപാടുകൾ അവർ വായിക്കുന്നു. ദൂതനുമായി അടുക്കാനും താൽപര്യം കാണിച്ചു. എന്നാൽ എല്ലാ വിധ ദൈവീക സഹായങ്ങളേയും തെളിവുകളേയും ചവിട്ടി മെതിച്ച് അവർ കലപില ശബ്ദമുണ്ടാക്കി, പിന്തിരിഞ്ഞുപോകുന്നു.. കാരണം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് അല്ലാഹുവിനേക്കാൾ പ്രാധാന്യം അവർ കൊടുക്കുന്നു. ഈ അപസ്വരം അവരുടെ മനസ്സിനെ ആവരണം ചെയ്തിരിക്കുകയാണ്. ഞാൻ അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ അവ രോടു പറയുന്നു. അല്ലാഹു ഒരിക്കലും അവരുടെ കാര്യത്തിൽ ധൃതിയിൽ തീരുമാനമെടുക്കുന്നവന ല്ല. പശ്ചാത്തപിക്കാൻ അവർക്ക് ധാരാളം സമയം നൽകുന്നു. അല്ലാത്തപക്ഷം അവർ ഒരു ചത്ത മൃഗത്തെപോലെ ദുർഗന്ധം പരത്തുകയും കൊതുകുകളെ തന്നിലേക്കാകർഷിക്കുകയും ചെയ്യുന്ന താണ്.

കപടവിശ്വാസികളെ അവരുടെ തെറ്റുകൾകാരണം അല്ലാഹു നശിപ്പിക്കുവാൻ ഉദ്ദേശിച്ചാൽ, അവരിൽ ഒരാളേയും ഇഹലോകത്തു ജീവിക്കാൻ വിടുകയില്ല. എന്നാൽ അല്ലാഹു അവർക്കു സാവകാശം നൽകുന്നു. അതവർ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ, സമയം ആസന്നമായാൽ, അൽപ്പംപോലും മുന്തിക്കാനോ പിന്തിക്കാനോ അവർക്കു കഴിയില്ല. ഒരു കപടവിശ്വാസി ഒരു നായയെപോലെയാണ്. നിങ്ങളതിനെ ആക്രമിക്കുകയാണെങ്കിൽ അതു നാക്കു നീട്ടും.

ഇനി നിങ്ങളതിനെ ഒറ്റക്കുവിട്ടാൽ, അപ്പോഴും അതു അങ്ങനെതന്നെചെയ്യും. അതായത് അപ്പോഴും അത് നാക്കു നീട്ടും. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്ന കപടവിശ്വാസികളെ ഉദാഹരണത്തിലൂടെ അല്ലാഹു വിശേഷിപ്പിക്കുന്നത് ഇത്തരത്തിലാണ്. അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. "അല്ലാഹു (ത) അവരുടെ നാശം ക്രമേണ അവരറിയാതെ കൊണ്ടുവരുന്നതാണ്. കപടവിശ്വാസികൾക്ക് അല്ലാഹു അനുഗ്രഹങ്ങൾ ചൊരിഞ്ഞപ്പോൾ അവർ പിന്തിരിഞ്ഞു. അവനിൽ നിന്നു ദൂരപ്പെട്ടു. എന്നാൽ ദൗർഭാഗ്യം അവരെ തലോടിയപ്പോൾ അവരതാ നിരാശരായി കഴിഞ്ഞു.."

## HYPOCRITES BRING FORWARD THEIR DISPUTES BEFORE THEIR IDOLS
## കപടവിശ്വാസികൾ അവരുടെ തർക്കങ്ങൾ അവരുടെ വിഗ്രഹമൂർത്തികളുടെ മുമ്പാകെ സമർപ്പിക്കുന്നു

പ്രപഞ്ചത്തിന്റെ നിർമ്മാണം മുതൽ ഇന്നുവരേയും കപടവിശ്വാസികൾ, അല്ലാഹു മാനവ സമൂഹത്തിനു നൽകിയ അനുഗ്രഹങ്ങളിൽ ഒരിക്കലും അവർ സംതൃപ്തരായിരുന്നിട്ടില്ല. ഈ അനുഗ്രഹങ്ങളുടെ നേരെ എന്നും അവർ മുഖംതിരിഞ്ഞു നിന്നിട്ടേയുള്ളൂ. അല്ലാഹു (ത) മനുഷ്യ ജീവിതത്തിലെ അടിസ്ഥാനപരമായ എല്ലാ ആവശ്യങ്ങളും, അവന്റെ ഒരധ്വാനവുമില്ലാതെ നൽകിയിട്ടുണ്ട്. എന്നാൽ വളരെ തുച്ഛം ആളുകൾ മാത്രം അവന്റെ ഈ അനുഗ്രഹങ്ങൾ അംഗീകരിച്ചിട്ടുള്ളൂ. അതുപോലെ അല്ലാഹുവിനോടു നന്ദിരേഖപ്പെടുത്തിയിട്ടുള്ളൂ. അല്ലാഹു തുടർച്ചയായി അവന്റെ സന്ദേശം സന്ദേശവാഹകരിലൂടെ എത്തിക്കുന്നു. എന്നാൽ മനുഷ്യരിലധികംപേരും നന്ദികെട്ടവരാകുന്നു. കപടവിശ്വാസികൾ മറ്റുള്ളവരുടെ, മുമ്പിൽ മധുരമായും വലിയ ആളുകളായും പ്രത്യക്ഷപ്പെടുന്നു. സത്യവിശ്വാസികളെ കടിച്ചുകീറുകയും മുറിവേൽപ്പിക്കുകയും ചെയ്യുന്ന വലിയ പല്ലുകൾ കാട്ടി, പുഞ്ചിരിതൂകുന്ന അവരുടെ പ്രകടനാത്മകത അപാരം തന്നെ. നിങ്ങൾ അവരെ കണ്ടാൽ നിങ്ങളുടെ രക്തം ഊറ്റിക്കുടിക്കുവാൻ അവർ ആഗ്രഹിക്കും. അവരുടെ സംസാരത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും, അവർ ഈ പ്രപഞ്ചത്തിലെ ഏറ്റവും നികൃഷ്ടജീവികളാണെന്ന് അംഗീകരിക്കുവാൻ പ്രയാസമായിരിക്കും.

വിശുദ്ധ ഖുർആനിലെ അനേകം വചനങ്ങളിലൂടെ അല്ലാഹു (ത) നമുക്ക് നിർദ്ദേശം നൽകുന്നു. തീർച്ചയായും ഇതൊരു വളരെ പ്രധാനപ്പെട്ട സന്ദേശമാകുന്നു. വിഗ്രഹമൂർത്തികളെ തള്ളി പറയുക, അതിന്റെ കാരണം അവർ കഴിവുകെട്ടവരും എന്തിനേറെ ഒരു പക്ഷിയുടെ കാലുസൃഷ്ടിക്കാൻ പോലും അവർ അശക്തരായിരിക്കും. അത്ഭുതം എന്നു പറയട്ടെ അവരുടെ ഹൃദയങ്ങൾ അന്ധതയാലും അഗ്നിയാലും നിറഞ്ഞിരിക്കുകയാണ്. പ്രവാചക പ്രഭു മുഹമ്മദ് (സ.അ) പറഞ്ഞതുപോലെ അസൂയ ഉണക്കവിറകിനെ കത്തിച്ചുകളയുന്ന അഗ്നിപോലെയാകുന്നു. അവർ ആത്മാർത്ഥതയുള്ളവരല്ല. അവർ നിങ്ങളോടു സംസാരിക്കുകയും ചിരിക്കുകയും ചെയ്യും. എന്നാൽ അവരുടെ ഹൃദയങ്ങളിൽ മഹാഗർത്തങ്ങളാണ്. അവരുടെ ഹൃദയങ്ങൾ അസൂയമൂലം ഘോരാന്ധകാരമായിരിക്കുകയാണ്. അതിനാൽ അവർ അന്ധതയിൽ വിഹരിക്കുകയാണ്. ഒരു കറുത്ത എറുമ്പ് കറുത്ത കല്ലിന്മേൽ കറുത്തരാത്രിയിലെന്നപോലെയാണവരുടെ അവസ്ഥ. അങ്ങനെ അവർ പൈശാചികവും അതിദുഷ്ടവുമായ അവസ്ഥയിൽ അകപ്പെട്ടിരിക്കുകയാണ്. അവർ മറ്റുള്ളവർക്കുവേണ്ടി ചാരവൃത്തി ചെയ്യുന്നു. സംശയങ്ങൾ സൃഷ്ടിക്കുന്നു, പിന്നിൽ നിന്നു കൊഞ്ഞണംകുത്തുന്നു, കള്ളവും കറ്റുകെട്ടും നിർമിക്കുന്നു. നിങ്ങളുടെ മേൽ തെറ്റായ കുറ്റങ്ങൾ ആരോപ്പിക്കുന്നു എന്നാൽ അവർ ഈ ലോകത്തിലെ ഏറ്റവും നല്ല ആളുകളാണ് എന്ന നിലയിലാണിവരുടെ ഈ പ്രവർത്തികൾ. അല്ലാഹുവിന്റെ ദൂതനിലൂടെ ലഭിച്ച ദൈവീക വചനത്തിൽ അവർ വിശ്വസിക്കുന്നു എന്നു നിങ്ങൾ കരുതത്തക്ക നിലയിൽ അവർ ദൈവദൂതന്മാരിലും, ദൈവീക വചനത്തിലും വിശ്വസിക്കുന്നു എന്നു വരുത്തി തീർക്കുകയും അതിനെപറ്റി ചർച്ച നടത്തുകയും ചെയ്യുന്നു.

അവസാനം അവർ ഈ സന്ദേശത്തെ അവരുടെ വിഗ്രഹമൂർത്തികളുടെ മുമ്പാകെ വിധി പറയുവാനായി സമർപ്പിക്കുന്നു. അല്ലാഹു അവൻ നേരിട്ടു നൽകിയതാണ് ഈ സന്ദേശമെങ്കിൽ പോലും. വിഗ്രഹാരാധന നിശ്ചയമായും വർജ്ജിക്കേണ്ടതാണ് എന്നതു അവർക്കറിയാമെങ്കിലും. എന്നാൽ അവരുടെ ഹൃദയങ്ങൾ മുദ്രചെയ്യപ്പെട്ടു, അന്ധകാരമുഖരിതമായി, പിശാച് അവിടെ കുടിയേറി പാർത്തു. അവൻ അവിടെ പ്രതിഷ്ഠനേടി. ദൈവീകപാതയിൽ നിന്നും ജനങ്ങളെ തിരിച്ചുവിടാൻ അവർ അഗ്നിസ്ഫുലിംഗങ്ങൾ തുറന്നുവിട്ടു.

## WHEN GIVING THEM THE MESSAGE OF ALLAH
## അല്ലാഹുവിന്റെ സന്ദേശത്തെ അവർക്കു നൽകുമ്പോൾ

അല്ലാഹുവിന്റെ ദൂതനും സത്യവിശ്വാസികളും അല്ലാഹുവിന്റെ സന്ദേശവുമായി അവരെ സമീപിക്കുമ്പോൾ, കപടവിശ്വാസികൾ ശത്രുതയോടെ അവരുടെനേരെ മുഖം തിരിക്കുന്നു. എന്നാൽ ഏതെങ്കിലും രീതിയിലുള്ള പ്രയാസമോ കുഴപ്പമോ നേരിടേണ്ടിവരുമ്പോൾ അവർ സത്യവിശ്വാസികളെയും അല്ലാഹുവിന്റെ ദൂതനേയും സമീപിക്കുകയും പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുകയും അല്ലാഹുവിനെ സാക്ഷി നിർത്തുകയും ചെയ്യുന്നു. ഞങ്ങൾക്ക് നല്ല ഉദ്ദേശങ്ങളും യോജിപ്പും മാത്രമെയുള്ളൂ എന്നവർ പറയുകയും ചെയ്യും. ഇത്തരത്തിലുള്ള ആളുകളെകുറിച്ചു സൂറ : "നിസാഉ "ൽ അല്ലാഹു പറയുന്നു. "ഇത്തരത്തിലുള്ള ആളുകളുടെ ഹൃദയങ്ങളിലുള്ളത് (അല്ലാഹു) അവനു മാത്രമെ അറിയുകയുള്ളൂ."

ഇതുകൊണ്ടാണ് ഇത്തരത്തിലുള്ള കപടവിശ്വാസികളെ അവഗണിക്കുവാൻ അല്ലാഹു വിശുദ്ധ ഖുർ ആനിൽ ആഹ്വാനം ചെയ്യുന്നതു. എന്നാൽ സമയത്തിനനുസരിച്ച്, അവർക്കു ഉപദേശം നൽകൽ അത്യാവശ്യമാണ്, അവരുടെ ഹൃദയങ്ങളിൽ സ്പർശിക്കത്തക്ക നിലയിൽ, അപ്പോൾ ചിലപ്പോൾ അവർക്കു പശ്ചാത്താപം ഉണ്ടാകാം. അവരുടെ സ്വന്തം ആത്മാക്കളോട് അക്രമം പ്രവർത്തിച്ചവരാണവർ, അവർ വിശ്വാസം ഇല്ലാത്തവരാണ്. അവർക്ക് അൽപംപോലും വിശ്വാസം ഇല്ലാത്തവരാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു "അവർ വിശ്വാസികളല്ല എന്ന് നിന്റെ നാഥനറിയാം " സാക്ഷിയായി അല്ലാഹു മതിയായവനാണ്.

## A GOOD FORTUNE HAPPENS TO THEM
## അവർക്ക് സൗഭാഗ്യമുണ്ടായാൽ

കപടവിശ്വാസികൾക്ക് സൗഭാഗ്യമുണ്ടായാൽ അവർ പറയും ഇതു അല്ലാഹുവിൽ നിന്നുളളതാണ്. എന്നാൽ അവരുടെമേൽ ദൗർഭാഗ്യം ആപതിച്ചാൽ അവർ പറയും, അല്ലാഹുവിന്റെ ദൂതനാണ് ഞങ്ങളുടെ ഈ ദൗർഭാഗ്യത്തിനുകാരണം എന്നു പറഞ്ഞ് അവർ അദ്ദേഹത്തെ ആക്രമിക്കും. "ഞങ്ങൾക്ക് സംഭവിച്ചതൊക്കെ നിന്റെ പക്കൽ നിന്നാണ്. " എന്നാൽ അല്ലാഹു തന്റെ ദൂതനെ സംരക്ഷിക്കുന്നു, അല്ലാഹു (ത) പറയുന്നു. "എന്റെ സന്ദേശവാഹകനെ നിങ്ങൾ കുറ്റപ്പെടുത്തരുത്, നിങ്ങൾക്കു സംഭവിച്ചതെല്ലാം അല്ലാഹുവിന്റെ പക്കൽ നിന്നാണ്." തുടർന്നു അല്ലാഹു (ത) പറയുന്നു. "ഒന്നും ഗ്രഹിക്കാത്ത ആളുകളാണവർ, നിങ്ങളുടെ മേൽ ആപതിച്ച ദൗർഭാഗ്യം നിങ്ങളുടെ തന്നെതെറ്റുകൾ കൊണ്ട് സംഭവിച്ചതാണ്. അല്ലാഹുവും അവന്റെ ദൂതനും പറയാത്തകാര്യങ്ങൾ രാത്രികാലങ്ങളിൽ ചർച്ചനടത്തുന്നവരാണവർ. യാതൊരടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ വീടുകൾതോറും എത്തിക്കുന്നവരാണവർ. അല്ലാഹു (ത) വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നു. രാത്രികാലങ്ങളിൽ അവർ പറയുന്നതും ചെയ്തതുമെല്ലാം അല്ലാഹു രേഖപ്പെടുത്തുന്നുണ്ട്. ഇതിലൂടെ അല്ലാഹു നമ്മെ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നതു, രാത്രികാലങ്ങളിൽ അവർ പറഞ്ഞ ഓരോ വാക്കും അല്ലാഹു ശ്രദ്ധിച്ചിട്ടുണ്ട്. അതുപോലെ ദൈവപാതയിൽ നിന്നു മനുഷ്യരെ വഴിതെറ്റിക്കാനുള്ള അവരുടെ ഓരോ പ്രവർത്തിയും (അവൻ അടിവരയിട്ടിട്ടുണ്ട്.) അല്ലാഹു (ത) ദാസനോട്

നിർദ്ദേശിക്കുന്നു. "അവരെ വിട്ടേക്കുക. അവരോടൊപ്പം നീ തങ്ങരുത് " സൂറ. (അന്നിസാഇ) ൽ അല്ലാഹു മറ്റൊരു രീതിയിലുള്ള കപടവിശ്വാസികളെപറ്റി വിവരിക്കുന്നു. അല്ലാഹു പറയുന്നു. "രണ്ടു കൂട്ടരിലും അതായത് വിശ്വാസികളിലും അവിശ്വാസികളിലും സൗഹൃദം കൂടുന്ന കപട വിശ്വാസികളുണ്ട്. അവർ എവിടെയാണെന്നു അവർക്കറിയില്ല. ഏതായാലും അവർ നഷ്ടത്തിൽ തന്നെ. അവർ ഏതുസംഘത്തിലാണെന്നും അവർക്കറിയില്ല.

## HYPOCRITES WANT TO DECEIVE ALLAH
## ദൈവത്തെ വഞ്ചിക്കുവാൻ കപടവിശ്വാസികൾ ആഗ്രഹിക്കുന്നു

**കപടവിശ്വാസികൾ അല്ലാഹുവിനേയും വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നു. അവർ കപടവിശ്വാസികൾ ഏതുരീതിയിലുള്ള ആളുകളാണ് ? അവർ പൂർണ്ണമായും അജ്ഞരായ ആളുകളാണ്. അവർക്കൊരിക്കലും അല്ലാഹുവിനെ ചതിക്കുവാൻ സാധിക്കുകയില്ല. പകരം അല്ലാഹു അവരുടെ ചതിക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു. വിശുദ്ധഖുർ ആനിൽ കപടവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു.** "നിശ്ചയമായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലായിരിക്കും അവർക്ക് അവിടെ ഒരു സഹായിയേയും കണ്ടെത്തുകയില്ല." കപടവിശ്വാസികൾ നരകത്തിലെ ജ്വലിക്കുന്ന അഗ്നിയിലായിരിക്കും വസിക്കുക. അവർക്കവിടെ ഒരു സഹായിയേയും ലഭ്യമല്ല. വിശുദ്ധ ഖുർ ആനിലെ മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. " അവർ വിശ്വാസിക്കുവാൻ തയ്യാറായില്ല, അവർ നമ്മുടെ സന്ദേശത്തെ നിരസിച്ചു, അല്ലാഹുവിന്റെ പാതയിൽ നിന്നും മറ്റുള്ളവരെ തടയുകയും ചെയ്തു." അല്ലാഹു പറയുന്നു "അക്കൂട്ടർ നരകത്തിലെ ജ്വലിക്കുന്ന അഗ്നിയിലായിരിക്കും വസിക്കുക."

## THE MOVEMENT AND PROSPERITY OF THE HYPOCRITES
## കപടവിശ്വാസികളുടെ ഐശ്വര്യവും ഗതിയും

**കപടവിശ്വാസികൾ അവർ ആത്മാർത്ഥതയുള്ള വിശ്വാസികളെ വിഡ്ഢികളാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അവരുടെ വിനോദം അൽപ്പ സമയത്തേക്കുള്ളതാണെന്ന് മനസ്സിലാക്കുന്നില്ല. കപടവിശ്വാസികൾ അസൂയാലുക്കളും ദുഷിച്ച ചിന്താഗതിയുള്ളവരുമായിരിക്കും. അല്ലാഹു (ത) മറ്റുള്ളവർക്ക് ധാരാളം നൽകുമ്പോൾ അവരതാ അസൂയാലുക്കളായി തീരുന്നു. ഉണക്ക വിറകിനെ അഗ്നി വിഴുങ്ങുന്നതു പോലെ അവർ വലിയ അസൂയാലുക്കളാണ്. അവർ അസൂയാലുക്കളായി തീരുമ്പോൾ അവർ പറയുന്നു** " ഞങ്ങൾ അവരേക്കാൾ സംശുദ്ധരാണ്. എന്നാൽ അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു. സ്വയം പരിശുദ്ധരാണെന്നു പറയുന്നവരെ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ **(വിശുദ്ധ ഖുർ ആൻ അധ്യായം 4 വചനം 50) അല്ലാഹു (ത) പറയുവാൻ ആഗ്രഹിക്കുന്നു.** "നാമുദ്ദേശിക്കുന്നവരെ നാം ശുദ്ധീകരിക്കുന്നു. നാം അനുഗ്രഹം ചെയ്തവരുടെമേൽ അവർ (കപട വിശ്വാസികൾ) **അസൂയാലുക്കളായി തീരുന്നു. കാരണം അവർ അസൂയാലുക്കളായതു കൊണ്ടാണ്. അവർ (കപടവിശ്വാസികൾ) അല്ലാഹു എല്ലാവിധ അനുഗ്രഹങ്ങളും ചെയ്തവരോട് (സത്യവിശ്വാസികളോട്) എല്ലാവിധ മോശമായ വാക്കുകളും പ്രയോഗിക്കുന്നു.**

**വിശുദ്ധ ഖുർആനിൽ നാലാം അധ്യായം 62,63 വചനങ്ങളിൽ അല്ലഹു (ത) പറയുന്നു.** "അല്ലാഹു വെളിപ്പെടുത്തിയതിലേക്കും, അവന്റെ ദൂതനിലേക്കും വരുക, എന്ന് **അവരോട് പറയപ്പെട്ടാൽ, കപടവിശ്വാസികൾ നിന്നിൽ നിന്ന് തികച്ചും പിന്തിരിഞ്ഞു പോകുന്നതായി നിനക്കു കാണാം.**" എന്നാൽ, പിന്നെ, അവരുടെ കൈകൾ മുൻകൂട്ടി പ്രവർത്തിച്ച (ചെയ്തികൾ) നിമിത്തം അവർക്ക് ഒരു ആപത്ത് വന്നെത്തുകയും പിന്നീട് നിന്റെ അടുക്കൽ വന്ന് അല്ലാഹുവിനെകൊണ്ട് സത്യം ചെയ്തു, "ഞങ്ങൾ ഔദാര്യവും അനുരഞ്ജനവും അല്ലാതൊന്നും ഉദ്ദേശിച്ചിട്ടില്ല എന്നു പറയുകയും ചെയ്യുമ്പോൾ (അവരുടെ) സ്ഥിതി എന്തായിരിക്കും **?** **അല്ലാഹു പറയുന്നു.** " അവരുടെ ഹൃദയങ്ങളിലുള്ള (രഹസ്യം) അല്ലാഹു അറിയുന്നു. " **അതിനാൽ നീ അവരിൽ നിന്ന് വിട്ടുമാറുകയും, അവരെ ഉപദേശിക്കുകയും, അവരുടെ ഉള്ളിൽ തട്ടുന്ന വാക്കുകൾ അവരോട്**

പറയുകയും ചെയ്യുക. അല്ലാഹുവിന്റെയും ദൂതന്റെയും സത്യവിശ്വാസികളുടേയും കൂടെ ആയിരിക്കുമ്പോൾ, കപടവിശ്വാസികൾ നല്ല അനുസരണം പുലർത്തുന്നവരായിരിക്കും. എന്നാൽ അവരിൽ നിന്ന് (വിശ്വാസികളിൽ നിന്ന്) വിദൂരത്താകുമ്പോൾ അവർ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് അവർ ചർച്ച ചെയ്യുന്നു. അല്ലാഹു (ത) പറയുന്നു. രാത്രികാലങ്ങളിൽ അവർ പറഞ്ഞതെല്ലാം നാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. (അതായത് അവർ പറഞ്ഞ രഹസ്യം) എന്നിട്ട് തുടർന്ന് അല്ലാഹു പറയുന്നു. "അവരെ വിട്ടേക്കുക." നോക്കൂ ! കപടവിശ്വാസികൾ പറയാനും മടിക്കുന്നില്ല. "അവരോട് സത്യവിശ്വാസികളോട് സംസാരിക്കരുത്, അവരെ ബഹിഷ്ക്കരിക്കുക, അവർക്കു സലാം പറയുകയുമരുത്. " വിശുദ്ധ ഖുർ ആൻ 4–ാം അധ്യായത്തിൽ 86–ാം വചനത്തിൽ അല്ലാഹു പറഞ്ഞിട്ടുണ്ടെങ്കിൽ പോലും, അതായത് " ഒരഭിവാദനംകൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനേക്കാൾ ഉത്തമമായ ഒന്നുകൊണ്ട് നിങ്ങൾ (തിരിച്ച് അങ്ങോട്ടും) ആശംസിക്കുക."

ഈ വചനത്തെപ്പറ്റി നന്നായി അപഗ്രഥിക്കുകയും പഠനം നടത്തുകയും ചെയ്യുക. അല്ലാഹു (ത) വിശ്വാസികളെ (മുസ്ലീംങ്ങളെ) മാത്രമല്ല മറ്റുള്ളവർക്കും ആശംസകളർപ്പിക്കുവാൻ ആവശ്യപ്പെടുന്നു) അല്ലെങ്കിൽ അർപ്പിക്കുന്ന ആശംസകളേക്കാൾ മനോഹരമായ നിലയിൽ ആശംസകളർപ്പിക്കുവാൻ അഥവാ അതേ നിലയിൽ തിരിച്ചും ആശംസകളർപ്പിക്കുവാൻ, അല്ല, അല്ലാഹു (ത) ഇവിടെ പറയുന്നത്. " ജനങ്ങൾ " എന്നാണ് സംബോധനചെയ്യുന്നത്. ആശംസകൾ അർപ്പിക്കുവാൻ ആവശ്യപ്പെടുന്നത് എല്ലാത്തരം ആളുകളോടുമാണ്, അവരുടെ വിശ്വാസവും മതവും എന്തായിരുന്നാൽപോലും.

കപട വിശ്വാസികൾ മറ്റുള്ളവരുടെ മനസ്സും ഹൃദയവും നിയന്ത്രിക്കുവാൻ ശ്രമിക്കുന്നു. ദുർബലരായ ആളുകളോട് കപടവിശ്വാസികൾ നിർദ്ദേശിക്കുന്നത് വിശ്വാസികളോട് 'സലാം' പറയരുത് എന്നാണ്. ആരോട് 'സലാം' പറയണം ആരോടു പറയണ്ട എന്ന് തീരുമാനിക്കുന്നത് ഈ കപടവിശ്വാസികളാണ്. ഈ ദുർബലരായ വ്യക്തികൾ ഈ കപടവിശ്വാസികളുടെ നിർദ്ദേശങ്ങൾ അതേ പടി സ്വീകരിക്കുന്നു. കാരണം അവരെ അവർ ദൈവങ്ങളെപോലെ കാണുന്നു. അവരുടെ കാപട്യത്തിനു പകരം അല്ലാഹു തിരിച്ചു നൽകുന്നതാണ്. അല്ലാഹു ചെയ്യാൻ കൽപ്പിക്കുന്നത് അവർ ചെയ്യുന്നില്ല. അവർ അനുസരിക്കുന്നില്ല. കപട വിശ്വാസികൾ ചെയ്യാൻ കൽപിക്കുന്നത് എന്തുതന്നെയായാലും അവർ പൂർണ്ണമായും അനുസരിക്കുന്നു. അവർ പ്രപഞ്ച സൃഷ്ടാവായ അല്ലാഹുവിനേക്കാൾ ഭയപ്പെടുന്നത് കപടവിശ്വാസികളെയാണ്.

## WHAT ARE THE DUTIES OF THE HYPOCRITES ?
## കപടവിശ്വാസികളുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ് ?

അവിശ്വാസികളുടെ ഉത്തരവാദിത്വങ്ങളും കപടവിശ്വാസികളുടെ ഉത്തരവാദിത്വങ്ങളും വളരെ സാമ്യമുള്ളതാണ്. ഏതാണ്ട് ഒരേ നിലയിലാണ്. അവരെപോലെ അല്ലാഹുവിലുള്ള വിശ്വാസം സത്യവിശ്വാസികൾക്കും നഷ്ടമാകണം. ഇതാണവരുടെ ആവശ്യം അവരുടെ തെറ്റു കുറ്റങ്ങൾ ജനങ്ങളിൽ നിന്നും മറച്ചു വെയ്ക്കുവാൻ അവർ ആഗ്രഹിക്കുന്നു. എന്നിട്ട് ജനങ്ങളുടെ മുമ്പിൽ വലിയ മാന്യന്മാരായി നിലകൊള്ളുവാൻ ആഗ്രഹിക്കുന്നു. എന്നാൽ അവരുടെ തെറ്റുകുറ്റങ്ങൾ അല്ലാഹുവിൽ നിന്നു അവർക്കൊരിക്കലും മറയ്ക്കുവാൻ സാധ്യമല്ല. അല്ലാഹു എല്ലാം അറിയുന്നവനാണ്, ഹൃദയ രഹസ്യങ്ങൾ അറിയുന്നവനാണ്, പരസ്യമായി ചെയ്യുന്നതും അവൻ അറിയുന്നു.

## ANOTHER TYPE OF HYPOCRITES
## മറ്റു ചില കപടവിശ്വാസികൾ

മറ്റൊരുതരം കപടവിശ്വാസികളെ സംബന്ധിച്ച് വളരെ വ്യക്തമായി അല്ലാഹു വിശുദ്ധ ഖുർ ആനിൽ വ്യക്തമാക്കുന്നു. വിശ്വാസികളെ അഭിസംബോധന ചെയ്തു അവൻ (അല്ലാഹു) ഇങ്ങനെ പറയുന്നു, "നിങ്ങളുടെ വിശ്വാസവും മറ്റൊരു കൂട്ടരുടെ വിശ്വാസവും ആർജ്ജിക്കുവാൻ ശ്രമിക്കുന്ന കപടന്മാരുണ്ട് " കുഴപ്പമുണ്ടാക്കണമെന്നു തോന്നുമ്പോൾ അവർ കുഴപ്പമുണ്ടാക്കുന്നു. അവർ നിന്നെ ഒറ്റയ്ക്ക് വിടാതിരിക്കുകയും നീയുമായി സമാധാനത്തിൽ കഴിയാൻ ആഗ്രഹിക്കുകയും, നിനക്കെതിരിൽ അവരുടെ കരങ്ങൾ ഉയരാതിരിക്കുകയും ചെയ്യുകയാണെങ്കിലും, നീ അവരുമായി ഒരകലം സൂക്ഷിക്കണം. അവർക്ക് അമിത പ്രാധാന്യം നൽകരുത്. അതായത് അവരോട് ഒരു പ്രത്യേക രീതിയിൽ സമീപിക്കുക. ഇനി അവർ നിന്നെ ബുദ്ധിമുട്ടിക്കാനുള്ള ശ്രമം തുടർന്നാൽ അവർക്കെതിരിൽ ഉചിത നടപടി സ്വീകരിക്കുക. ഈ രീതിയിലുള്ള കപടവിശ്വാസികൾ, നമ്മൾ മുസ്ലീംങ്ങളാണെങ്കിലും അല്ലെങ്കിലും, അവരോട് എങ്ങനെ 'സലാം' പറയണം, അഥവാ പറയണ്ട എന്ന് അവർ തീരുമാനിച്ചിട്ടുണ്ട്. 'സലാമി'ന് മറുപടിയായി "അലൈക്കും" അല്ലെങ്കിൽ 'വാലെയ്ക്ക് ' ഇങ്ങനെ ചില പദങ്ങൾ പറയുന്നു. അല്ലാഹുവിന്റെ അധ്യാപനം എവിടെ പോയി ? ഇത്തരത്തിലുള്ള ആളുകൾ (കപടവിശ്വാസികൾ) അവർ പറയുന്നു അവരാണ് യഥാർത്ഥ വിശ്വാസികളെന്ന്. എന്നാൽ അവരുടെ കാൽകീഴിൽ ഇസ്ലാമിക അധ്യാപനം (അതായത് അല്ലാഹു (ത) യുടെ അധ്യാപനം) ഞെരിഞ്ഞമരുകയാണ്. അല്ലാഹു (ത) യുടെ മുമ്പിൽ അവർ എന്തു ന്യായീകരണമാണ് സമർപ്പിക്കുക, ഞാൻ, അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ മറ്റുള്ളവരുടെ ഈമാനെ (വിശ്വാസത്തെ) സംബന്ധിച്ച് വിധി പറയുന്നില്ല. എന്നാൽ അല്ലാഹുവാണ് വിധികർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധി കർത്താവ്. അവന്റെ സൃഷ്ടികളെ സംബന്ധിച്ചുള്ള വിശ്വാസത്തെ പറ്റി അവനാണ് ഏറ്റവും നന്നായി അറിയുന്നവൻ. ജനങ്ങളുടെ വിശ്വാസത്തെ പറ്റി വിധി പറയാൻ ഈ പ്രപഞ്ചത്തിൽ എനിക്കോ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ കഴിയുമോ ?

## WHO TO FOLLOW ? ALLAH OR HYPOCRITES ?
## ആരെയാണ് പിന്തുടരേണ്ടത് ? അല്ലാഹുവിനേയോ ? കപടവിശ്വാസികളെയോ ?

**വിശുദ്ധ ഖുർ ആൻ 4–ാം അധ്യായം 95–ാം വചനം**

**നിങ്ങളോട് സലാം പറയുന്നവരോട് "നിങ്ങൾ ഒരു വിശ്വാസിയല്ല " എന്ന് പറയരുത്. ഇത്തരത്തിലുള്ള ആളുകൾ മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കുന്നവരാണ്. ആരാണ് മുസ്ലീം** ? ആരാണ് മുസ്ലീം അല്ലാത്തത് ? വിധിക്കുന്നവർ അവരാണ്. നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ (സ.അ) യ്ക്ക് പോലും മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കുവാനുള്ള ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ നിങ്ങൾ, വിഡ്ഢികളായ കപടവിശ്വാസികൾ മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കുവാനുള്ള ലൈസൻസ് നിങ്ങൾക്ക് നൽകിയിരിക്കുകയാണെന്നു ധരിക്കുകയാണോ ? നിങ്ങൾക്ക് നിങ്ങളുടെ ഈമാന്റെ അളവുപോലും എത്രയാണെന്ന് നിർണ്ണയിക്കാൻ കഴിയാതിരിക്കുന്ന അവസ്ഥയിൽ ?

നൂറു ശതമാനം വിശ്വാസിയാണെന്ന് ഒരു മനുഷ്യനും ഉത്തമബോധ്യത്തോടെ ഈ ലോകത്തു പറയുവാൻ സാധ്യമല്ല. അല്ലാഹു മാത്രം, ഏറ്റവും ഉത്തമനായ വിധികർത്താവായ അല്ലാഹുവിന് മാത്രം അറിയാവുന്ന കാര്യമാണത്. അവനു മാത്രമെ ഓരോരുത്തരുടേയും ഈമാൻ അളക്കുവാൻ കഴിയുകയുള്ളൂ. വിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു. "നിങ്ങൾ ഇസ്ലാം സ്വീകരിച്ചിരിക്കുന്നു എന്ന് പറയുക, നിങ്ങൾ വിശ്വാസികളായിരിക്കുന്നു എന്നു പറയരുത്. ക."

## DONT PLEAD FOR THE HYPOCRITES

# കപടവിശ്വാസികൾക്കു വേണ്ടി വാദിക്കരുത്

സൂറാ ‘അന്നിസാഇ’ ൽ 106–109 അല്ലാഹു (ത) വ്യക്തമായി വിശദീകരിക്കുന്നു. ആത്മവഞ്ചന ചെയ്യുന്നവർക്കുവേണ്ടി നീ തർക്കിക്കരുത്. കടുത്ത വഞ്ചകനും മഹാ പാപിയുമായവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ ജനങ്ങളിൽ നിന്നവർ ഒളിക്കുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ അല്ലാഹുവിൽ നിന്ന് അവർക്ക് ഒളിക്കുവാൻ സാധ്യമല്ല. വാസ്തവത്തിൽ അവൻ ഇഷ്ടപ്പെടാത്ത കാര്യങ്ങൾ അവർ രാത്രിയിൽ കൂടിയാലോചിക്കുമ്പോൾ അവൻ അവരോടൊപ്പമുണ്ട്. അവർ പ്രവർത്തിക്കുന്നതെന്തും അല്ലാഹു വലയം ചെയ്യുന്നവനാണ്. നോക്കൂ അവർക്കുവേണ്ടി ഈ ലോകജീവിതത്തിൽ വാദിച്ചിരുന്ന കൂട്ടരാണ് നിങ്ങൾ എന്നാൽ പുനരുത്ഥാന നാളിൽ അവർക്കുവേണ്ടി അല്ലാഹുവിനോട് വാദിക്കുന്നവർ ആരാണ് ? അല്ലെങ്കിൽ (അന്ന്) അവരുടെ രക്ഷകർത്താവായി ആരാണ് ഉണ്ടായിരിക്കുക.?

വിശുദ്ധ ഖുർ ആനിൽ നാലാം അധ്യായം 113–ാം വചനത്തിൽ അല്ലാഹു (ത) പറയുന്നു “വല്ലവനും ഒരു തെറ്റോ കുറ്റമോ ചെയ്യുകയും പിന്നെ അത് ഒരു നിരപരാധിയുടെ മേൽ ആരോപിക്കുകയും ചെയ്യുന്നതായാൽ അയാൾ നിശ്ചയമായും ഒരു കള്ളവും വ്യക്തമായ പാപ ഭാരവുമാണ് വഹിക്കുന്നത് (എന്ന് ധരിച്ച് കൊള്ളട്ടെ) ”

കപടവിശ്വാസികൾ നടത്തുന്ന രഹസ്യ സംഭാഷണങ്ങളിൽ ഒരു നന്മയുമില്ല. കാര്യങ്ങൾ വ്യക്തമാക്കുകയും ശരിയായ പാത കാണിച്ചുകൊടുക്കുകയും ചെയ്തശേഷവും അല്ലാഹുവിന്റെ ദൂതനേയും സത്യവിശ്വാസികളേയും എപ്പോഴും എതിർക്കുന്നവരാണാ കപടവിശ്വാസികൾ. ഇവരെപ്പറ്റി അല്ലാഹു (ത) പറയുന്നത്, അതായത് കപടവിശ്വാസികളെപ്പറ്റി നാം അവരെ അവർ തെരഞ്ഞെടുത്ത അവരുടെ പാതയിൽ വിടുന്നതാണ്.

സ്വാത്വികരായ ആളുകൾക്കു പകരം കപടവിശ്വാസികളെ തങ്ങളുടെ കൂട്ടുകാരായി തെരഞ്ഞെടുത്തവർ തീർച്ചയായും വൻ നഷ്ടത്തിലാണ്. കപടവിശ്വാസികൾ വളരെ വലിയ വാഗ്ദാനങ്ങളും, മിഥ്യാ പ്രതീക്ഷകളും നൽകുന്നു. അത് വിഡ്ഢികളായ ആളുകൾക്കാണ്.

അവർക്ക് വിശ്വാസമുണ്ടെന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നു. എന്നീട്ടവർ ഈ വിശ്വാസത്തെ ത്യജിക്കുന്നു. വീണ്ടും അവർ വിശ്വാസം കൈകൊള്ളുന്നു. ഒടുവിൽ അവർ തങ്ങളുടെ വിശ്വാസം പൂർണ്ണമായും ത്യജിക്കുന്നു. ഈ പ്രവർത്തി അവരുടെ വിശ്വാസവഞ്ചനയും, കാപട്യവും എല്ലാ സീമകളേയും ലംഘിക്കുന്നു. അല്ലാഹു (ത) പറയുന്നു. “കപടവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷയുണ്ട് എന്നറിയിക്കുക.”

കപടവിശ്വാസികൾ അല്ലാഹുവിനെ വിഡ്ഢിയാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അവൻ സർവ്വശക്തനാണ്. അവരുടെ വിഡ്ഢിത്വം അവരുടെ കഴുത്തിൽ തന്നെ അവൻ അണിയിക്കുന്നു. അവർ നഷ്ടത്തിലാണ്. ഏതു സംഘത്തെയാണ് ? പിന്തുടരേണ്ടതെന്നറിയാത്തവരാണവർ. ഈ സംഘത്തേയോ ? അതോ ആ സംഘത്തേയോ ? അവരെ സംബന്ധിച്ചിടത്തോളം സുരക്ഷിതത്വം എന്ന നിലയിൽ, ഒരു സംഘത്തിലും ഇല്ല, എന്ന നിലയിലാണവർ. ഇക്കാരണത്താൽ അല്ലാഹു അവരെ ദുർമാർഗ്ഗത്തിലാക്കിയിരിക്കുകയാണ്. അവർക്ക് ശരിയായ പാത ദർശിക്കുവാനുള്ള കഴിവില്ല.

ഹേ വിസ്വാസികളെ ! കപടവിശ്വാസികളെ നിങ്ങളുടെ മിത്രങ്ങളാക്കരുത്. അവരുടെ സംസാരത്തിൽ അമിത പ്രാധാന്യം കൊടുക്കരുത്. അങ്ങനെ ചെയ്താൽ നിങ്ങളും അവരെപോലെ ആയിതീരും. അഥവാ അവരേക്കാൾ മോശമായവരായിതീരും. അവരുമായി സൗഹൃദത്തിലാകുന്നതിനു പകരം സ്വാത്വികരായ ആളുകളുമായി നിങ്ങൾ സൗഹൃദത്തിലാകുക.

## THE EVIL TALKS OF THE HYPOCRITES IN PUBLIC
## കപടവിശ്വാസികൾ പൊതുജന മധ്യത്തിൽ മോശമായി സംസാരിക്കുന്നു

പ്രവാചകനും സത്യവിശ്വാസികൾക്കുമെതിരിൽ കൊടിയ വിദ്വേഷമുള്ള വാക്കുകൾ പൊതുജനമധ്യത്തിൽ സംസാരിക്കുവാനും മറ്റുള്ളവരുടെ ശ്രദ്ധ തങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടി കപടവിശ്വാസികൾ എവിടേയുംപോകും. പൊതുജനമധ്യത്തിൽ സംസാരിക്കുമ്പോൾ അവർ വിജയികളും, നായകന്മാരുമാണെന്നാണവരുടെ വിചാരം. ദൈവ ഭയമില്ലാത്ത ആളുകൾ ഹൃദയംഗമമായി ചിരിക്കുകയും അവർക്കായി കയ്യടിക്കുകയും ചെയ്യുമ്പോൾ, അവരുടെ അഭിമാനവും സന്തോഷവും വർദ്ധിച്ചതായി കരുതുന്നു. അതേ സമയം ഈ ആളുകളുടെ ഹൃദയങ്ങളിൽ ഭിന്നിപ്പും വെറുപ്പും സൃഷ്ടിക്കുവാനുള്ള സുവർണ്ണാവസരമായി കാണുകയും ചെയ്യുന്നു. ഈ പുസ്തകം എഴുതികൊണ്ടിരിക്കുമ്പോൾ എനിക്ക് താഴെ കാണുന്ന ദൈവീക വെളിപാട് ഇറങ്ങുകയുണ്ടായി. “അവർ തന്നെയാണ് തഥാർത്ഥ കപടവിശ്വാസികൾ, ഭയാനകമായ ശിക്ഷ, അവരെ അപമാനിക്കാനായി, നാം ഒരുക്കിവെച്ചിട്ടുണ്ട്.”

## REVELATION ABOUT THE HYPOCRITES
## കപടവിശ്വാസികളെ പറ്റിയുള്ള ദൈവീക വെളിപാട്

സെപ്തംബർ 2008 തിങ്കളാഴ്ച 15, സുഹർ നമസ്കാരശേഷം (റംസാൻ മാസത്തിൽ)

അല്ലയോ ഖലീഫത്തുല്ലാഹ് ! പരിശുദ്ധി നേടാൻ ആഗ്രഹിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. ഖലീഫത്തുല്ലയുടെ ഔദ്യോഗിക പ്രഖ്യാപനം അംഗീകരിച്ച വിശ്വാസികളിൽ പ്രഥമരാണ് നിങ്ങൾ. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ നിങ്ങൾ സ്വയം സ്ഥാനം കണ്ടെത്തുന്നതിൽ വിജയിച്ചെങ്കിൽ, അതിന്റെ കാരണം അല്ലാഹുവിനോടും അവന്റെ വെളിപാടിനോടുമുള്ള നിങ്ങളുടെ ആത്മാർത്ഥതയും നിങ്ങളുടെ നല്ല പ്രവർത്തിയുമാണ്. നിങ്ങൾ കപടവിശ്വാസികളാകരുത്. അല്ലാഹു (ത) അത്തരത്തിലുള്ളവരെ ഇഷ്ടപ്പെടുന്നില്ല. കപടവിശ്വാസികൾ കപടതയിൽ ശാഠ്യമുള്ളവരാണ്. അല്ലയോ മുഹിയിദ്ദീൻ ഖലീഫത്തുല്ലാഹ്. നിനക്ക് അവരെകുറിച്ചറിയില്ല. എന്നാൽ നാം ഇരട്ടി ശിക്ഷ നൽകുന്നതാണ്. അപ്പോൾ കൂടുതൽ ശിക്ഷയ്ക്ക് വേണ്ടി അവർ നമ്മളിലേക്ക് മടങ്ങിവരുന്നതാണ്.

സത്യാവസ്ഥ തെളിയിക്കുവാനുള്ള ധാരാളം ദൃഷ്ടാങ്ങൾ അവർക്ക് നൽകപ്പെട്ടശേഷം അടയാളങ്ങളും ദിവ്യ ദൃഷ്ടാങ്ങളും അവർക്ക് സാക്ഷ്യമായി നൽകിയശേഷം അല്ലാഹു ജനങ്ങളെ വഴിതെറ്റിക്കുക എന്നതിന് ഒരു സാധ്യതയുമില്ല. അതിനുശേഷം അല്ലാഹു അവർക്ക് മാർഗ്ഗദർശനം നൽകി, അതുകൊണ്ട് അവർക്ക് നിരോധിക്കപ്പെട്ട എല്ലാ കാര്യങ്ങളും അവർക്ക് മനസ്സിലാക്കാൻകഴിഞ്ഞു. നല്ലതുപോലെ ഓർക്കുക “നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തെ സംബന്ധിച്ചും അറിവുള്ളവനാകുന്നു ”

ഈ ദൈവീക വെളിപാടുകൾ ശ്രവിക്കുന്നവരെ! നിങ്ങൾക്ക് പരിപൂർണ്ണ ആത്മാർത്ഥതയും, സംശുദ്ധമായ വിശ്വാസവും അല്ലാഹുവിലും അവന്റെ ഈ വിനീത ദാസനിലും ഉണ്ടെങ്കിൽ നിങ്ങൾ എഴുന്നേറ്റ് നിങ്ങൾക്ക് ചുറ്റുമുള്ള കപടവിശ്വാസികൾക്കെതിരിൽ പോരാടുക. നിങ്ങൾ എത്രത്തോളം ഉറപ്പും ശക്തവുമാണെന്ന് അവർ മനസ്സിലാക്കട്ടെ. “ എന്നിൽ (അല്ലാഹു) നിന്നും ഈ സന്ദേശം വരുമ്പോൾ കപടവിശ്വാസികൾ എന്റെ സന്ദേശത്തെ പരിഹസിക്കുന്നു, കളിയാക്കുന്നു. അവർ പറയുന്നു “ഈ സന്ദേശംകൊണ്ട് ആരുടെയെങ്കിലും ഈമാൻ വർദ്ധിച്ചുവോ? “ നിങ്ങൾമനസ്സിലാക്കുക. ഈ കപടവിശ്വാസികളുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ട്. ഈ രോഗം അവരിൽ അഴുക്കുണ്ടാക്കുകയും അവ വളർന്ന് കൂടുതൽ അഴുക്കുള്ളതായി തീരുകയും ചെയ്യുന്നു.അവർ ഓരോരുത്തരും പരസ്പരം നോക്കുകയും പരിഹാസങ്ങൾ ഉതുർക്കുകയും ചെയ്യുന്നു

അങ്ങനെ അവർ പിന്തിരിഞ്ഞു പോകുമ്പോൾ അല്ലാഹു പറയുന്നു. അവരോട് പറയുക, "അല്ലാഹു അവരുടെ ഹൃദയങ്ങളെ വളച്ചു തിരിക്കുന്നു, എന്തുകൊന്നൊൽ അവർ കാര്യഗ്രഹ ണശേഷി ഇല്ലാത്തവരാണ്. എന്നിരുന്നാലും അവരിൽ നിന്ന് ഒരു ദൂതൻ വന്നു, അവരെപോലുള്ള ഒരാൾ."

കപടവിശ്വാസികൾ എപ്പോഴും നോക്കുന്നത് അല്ലാഹുവിനേയും സത്യവിശ്വാസികളെയും വിഡ്ഢികളാക്കുവാനാണ്, എന്നാൽ സത്യത്തിൽ അവർ സ്വയം വിഡ്ഢികളാണാവുന്നത്. അവരുടെ ഹൃദയത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന രോഗത്തിന്റെ അനന്തര ഫലത്തെ കുറിച്ച് അവർ അജ്ഞരാണ്.

അവർ സത്യവിശ്വാസികളെ കണ്ട് മുട്ടുമ്പോൾ അവർ പറയുന്നു. " ഞങ്ങളും വിശ്വാസിക ളാണ്. എന്നാൽ അവരുടെ ചങ്ങാതികളുമായി തനിച്ചാകുമ്പോൾ അവർ പറയുന്നു. " ഞങ്ങൾ അവരെ കളിയാക്കുകയായിരുന്നു."അവർ തന്നത്താൻ പറയുന്നു. "ഈ വിഡ്ഢികൾ (സത്യവിശ്വാ സികൾ) വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കുമെന്നു നിങ്ങൾ കരുതുന്നുണ്ടോ ? അല്ലാഹു (ത) പറയുന്നു. അവരോട് പറയുക. " അവർ, അവർ തന്നെയാണ് വിഡ്ഢികൾ, എന്നാൽ അവരത് അറിയുന്നില്ലെന്നുമാത്രം " ഈ കപടവിശ്വാസികൾ യഥാർത്ഥത്തിൽ അല്ലാഹുവിനെയാണ് പരിഹ സിക്കുന്നത് എന്നവർ അറിയുന്നില്ല. അവരുടെ കളിയിലും തമാശയിലും അവരെ വിട്ടേക്കുക. അവർ കനത്ത നഷ്ടത്തിൽ ആപതിക്കുന്നതാണ്. സത്യപാത ഉപേക്ഷിച്ച് അസത്യപാത പിന്തുടരു കയാണ്. എന്ന വസ്തുത അവർ അറിയുന്നില്ല.

അവർക്കു ചുറ്റും ഒരു പ്രകാശ വലയം ഉണ്ടായിരുന്നു. ആ പ്രകാശത്തിന്റെ വില അവർ അറിയുന്നില്ല. അവരുടെ ഹൃദയങ്ങളിൽ കപടത കടന്നു കയറി. അല്ലാഹു (ത) ആ പ്രകാശത്തെ അവരിൽ നിന്നും നീക്കം ചെയ്തു, അവരെ അന്ധകാരത്തിലാഴ്ത്തി, അതിനാൽ അവർക്ക് ഒരിക്കലും ആ പ്രകാശം കാണാൻ കഴിയുകയില്ല. ആത്മാർത്ഥമായി അല്ലാഹുവിനോട് പശ്ചാത്ത പിച്ചു മടങ്ങിയാലല്ലാതെ കപടവിശ്വാസികൾ അവരുടെ ചർച്ചകളിൽ വളരെ വലിയ കാർക്കശ മുള്ളവരാണ്. അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നും പിന്തിരിഞ്ഞാൽ അല്ലാഹുവിന്റെ സന്ദേശം അവന്റെ പ്രവാചകനിലൂടെ ശ്രവിക്കുന്ന ആളുകളിൽ കപടവിശ്വാസികൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അല്ലാഹുവിന്റെ ദൂതനെതിരിൽ അപവാദം പരത്തുകയും അങ്ങനെ അദ്ദേഹ ത്തോട് അവർക്ക് വെറുപ്പുളവാക്കാനും, അവർ എന്തു മോശമായ മാർഗ്ഗവും സ്വീകരിക്കുന്നതാണ്. ഇവരാണ് യഥാർത്ഥ കപടവിശ്വാസികൾ. അല്ലാഹുവും അവന്റെ ദൂതനും വിതച്ചത് നശിപ്പിക്കുവാ ൻ അവർ ആഗ്രഹിക്കുന്നു.

"എന്നാൽ അല്ലാഹു (ത) കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല." എന്നാൽ ഈ ദുഃർവൃത്തർക്ക് അല്ലാഹുവിന് ഒരു ദോഷവും വരുത്തുവാൻ കഴിയുകയില്ല. സ്വാത്വികമായ ഒരു ജീവിതം നയിക്കു വാൻ അല്ലാഹുവിന്റെ ശിക്ഷണങ്ങൾ നിങ്ങൾ പിന്തുടരുമ്പോൾ, അവരിലെ ദുരഹങ്കാരം എഴുന്നേ ൽക്കുന്നത് നാം കാണുന്നു. കാരണം അവർ ഐഹീക ജീവിതത്തിലെ സുഖലോലു പതയിലും വിനോദത്തിലും മുഴുകിയിരിക്കുകയാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആരുടെ ജീവിതം സമർപ്പിക്കപ്പെട്ടുവോ അവരെ നോക്കി അവർ പരിഹസിക്കുന്നു. എന്നാൽ കപടവിശ്വാസികൾ, തെറിവിളിക്കുകയും, പരിഹസിക്കുകയും, കളിയാക്കുകയും, അങ്ങനെ അവരെ (വിശ്വാസികളെ ) അപമാനിക്കുകയും, തള്ളിക്കളയുകയും ചെയ്യുന്നു. അല്ലാഹു (ത) താൻ ആദരപൂർവ്വം ഒരാളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് ഇവരുടെ (കപടവിശ്വാസികളുടെ) അനുവാദം വാങ്ങണമെന്നവർ കരുത്തുന്നുവോ ?

അല്ലാഹു (ത) പറയുന്നു. " അല്ലാഹു (ത) ഇഷ്ടപ്പെടുന്നവർക്ക് അവൻ ബഹുമതി നൽകു ന്നു. അക്കാര്യത്തിൽ മറ്റാരേയും അവൻ പരിഗണിക്കാറില്ല."

എല്ലാക്കാര്യത്തിലും പൂർണ്ണനിയന്ത്രണമുള്ള, തങ്ങളുടെ ആഗ്രഹങ്ങൾ നടപ്പാക്കുവാൻ കഴിയുന്ന സ്ഥലത്താണ് കപടവിശ്വാസികളുടെ വാസം. അവർ പള്ളിയിൽ പ്രവേശിക്കുമ്പോൾ, ഇരിക്കുന്ന എല്ലാവരും എഴുന്നേറ്റ് അഭിവാദ്യം ചെയ്യണം. ഭൗതിക ലോകത്തിലെ കപടവിശ്വാസിക ളുടെ രാജാവാണവർ. അവരുടെ കരങ്ങളിൽ അധികാരം എപ്പോഴും നിക്ഷിപ്തമായി ലോകത്തും

നാളെ പരലോകത്തും അവരുടെ പ്രവർത്തനങ്ങൾ ഫലരഹിതവും, ഉപയോഗശൂന്യവുമാണ് എന്ന കാര്യം അവർ വിസ്മരിക്കുന്നു. അല്ലാഹു (ത) അവർക്ക് എല്ലാവിധ അനുഗ്രഹങ്ങളും, ദൃഷ്ടാന്തങ്ങളും, തെളിവുകളും, അവന്റെ പ്രകടന സാക്ഷ്യവും നൽകിയെങ്കിലും, ദൗർഭാഗ്യ വശാൽ അവർ ഭിന്നിപ്പും തർക്കങ്ങളും സൃഷ്ടിക്കുകയും, അവർക്കെല്ലാം അറിയാമെന്നുള്ള ഹുങ്കും അവരെ എപ്പോഴും നേർ പാതയിലാണ് എന്ന അധമ വിചാരവും അവരെ അധമ മാർഗ്ഗ ത്തിലാക്കി.

ഇക്കൂട്ടർ എവിടെ പോയാലും അവർ അപമാനത്തെ നേരിടേണ്ടി വരും. കാരണം അവർ അല്ലാഹുവിന്റെ കോപത്തിനു മാത്രമാവുകയും, അക്കാരണത്താൽ ദുരന്തങ്ങളിലകപ്പെടുകയും ചെയ്യും. മാത്രമല്ല അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും അല്ലാഹുവിന്റെ പ്രവാചകനെ അപമാനിക്കുകയും ചെയ്തു. അവരുടെ ഈ ദുഷിച്ച പെരുമാറ്റം മൂലം അവരുടെ ധനമോ സന്തതികളോ അവർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. അവരുടെ തന്നെ ആത്മാക്ക ളോട് അവർ അക്രമം പ്രവർത്തിച്ചുകൊിരിക്കുകയാകുന്നു. കപടവിശ്വാസികൾ അഴിമതിക്കാ രാണ്. നിങ്ങൾക്ക് (സത്യവിശ്വാസികൾക്ക്) എങ്ങനെ പ്രശ്നങ്ങൾ സൃഷ്ടിക്കാമെന്നു അവർ ചിന്തിക്കുകയണ്. അവരുടെ ശത്രുത അവരുടെ നാവിൽ നിന്നു തന്നെ മലസ്സിലാക്കാൻ കഴിയും. എന്നാൽ അവരുടെ ഹൃദയങ്ങളിൽ മറച്ചു വെച്ചിരിക്കുന്നത് എത്രയോ കഠിനതരം. !

നിങ്ങൾക്കൊരു സൗഭാഗ്യം വന്നാൽ അവർ ദുഃഖിതരാകും. അപ്പോൾ അവർ അവരുടെ കൈ വിരലുകൾ കടിച്ചു കുടയും. കോപത്താൽ നഖങ്ങൾ കടിക്കും. അതവരെ ആഴത്തിൽ മുറിവേൽപ്പിക്കും. എന്നാൽ നിങ്ങളുടെ മേൽ ഒരു ദൗർഭാഗ്യം ആപതിച്ചാൽ, അവർ ആനന്ദ നൃത്തം ചെയ്യും. അവർ ബുദ്ധിശുന്യരാണ്. ഈ ലോകത്തിലുള്ള എല്ലാ പേർക്കും അല്ലാഹു (ത) സൗഭാഗ്യവും ദുർഭാഗ്യവും നൽകുന്നതാണ്. ഓരോരുത്തർക്കും. അത് നൽകുന്നതാണ്. അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. “ചിലപ്പോൾ സൗഭാഗ്യത്തിന്റേയും ചിലപ്പോൾ ദുർഭാഗ്യത്തിന്റേയും ദിനങ്ങൾ നാം നൽകുന്നു. ജനങ്ങൾക്കു അവരവരുടെ ഊഴമനുസരിച്ച് ലഭിക്കുന്നതാണ്.”

## CONCLUSION

## ഉപസംഹാരം

അല്ലാഹു (ത) ആർക്കെങ്കിലും, ഈ ലോകത്ത് അപമാനം നൽകിയാൽ അത് മാറ്റുവാൻ ഈ ലോകത്ത് ആരുമുണ്ടാവില്ല. അവൻ എന്താണോ ഉദ്ദേശിക്കുന്നത് അത് അവൻ പ്രവർത്തിക്കു ന്നു.

നാം നമ്മുടെ വചനങ്ങൾ തെളിവായി കപടവിശ്വാസികൾക്ക് വായിച്ചു കേൾപ്പിക്കുന്നു. ഈ വിശ്വാസത്തെ നിഷേധിക്കുന്നത് അവരുടെ മുഖങ്ങളിൽ തെളിയുന്നു. എന്നിട്ടവർ പറയുന്നു, ഇല്ല (ഈ വചനങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല.). അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതി കേൾപ്പിക്കുന്നവനെ ആക്രമിക്കുവാൻ അവർ ശ്രമിക്കുന്നു.

അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. “അല്ലാഹു (ത) അവർക്ക് നരകാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു. എത്ര ഭയാനകമായ വാസസ്ഥലം ” അല്ലാഹുവിന്റെ ശക്തിപ്രഭാവ ത്തെ അവർ വേണ്ട നിലയിൽ വില വെയ്ക്കുന്നില്ല. നിശ്ചയമായും അല്ലാഹു സർവ്വശക്തനും കഴിവുറ്റവനുമാണ്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ

ഹസ്രത്ത് അമീറുൽ മുഅ്മിനീർ,
മുഹ്‌യിദ്ദീൻ, അൽ ഖലീഫത്തുല്ലാഹ്,
മുനീർ അഹ്മദ് അസീം,
17 സെപ്തംബർ 2008.

© 2011 Jamaat Ul Sahih Al Islam